കെ.എം.മാണി, ടി.എം.ജേക്കബ് ശ്രീമതി ഗിരിജാ സുരേന്ദ്രൻ, പ്രൊഫ. മീനാക്ഷി തമ്പാൻ, എന്നീ അംഗങ്ങൾ ആ കമ്മിറ്റിയിൽ അംഗങ്ങളാണ്. ആ സെലക്ട് കമ്മിറ്റിയിൽ വച്ച് നമുക്ക് ചർച്ച ചെയ്യാം.

മി. സ്പീക്കർ : ടോപ്പ് കമ്മിറ്റിയാണ്. അപ്പോൾ നേരിട്ടുതന്നെ ഈ കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യുക.

മി. സ്പീക്കർ : ശ്രീ. കെ.എം. മാണി അവതരിപ്പിച്ച ഭേദഗതി അങ്ങ് പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.എം. മാണി : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതിയെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1999 ലെ ഇൻഡ്യൻ ഡൈവോഴ്സ് (കേരളാ അമെന്റുമെന്റ്) ബിൽ

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(1999 ലെ ഇൻഡ്യൻ ഡൈവോഴ്സ് (കേരളാ അമന്റ്മെന്റ്) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു)

(3) 1999 ലെ കേരളാ ലോക് അയുക്ത (ഭേദഗതി) ബിൽ[†]

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, 1999 ലെ കേരളാ ലോക് ആയുക്ത (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്ന സ്റ്റേറ്റ്മെൻറും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, 1999 ലെ കേരളാ ലോക് അയുക്ത (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

Shri T.M. Jacob : Sir, I move:

"This House resolves to disapprove The Kerala Lok Ayukta (Amendment) Ordinance, 1999 (Ordinance No. 3 of 1999)

---

† അനുബന്ധം 21

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രമേയം അവതരിപ്പിക്കുന്ന അവസരത്തിൽ ഒരു കാര്യം ആദ്യമേ സൂചിപ്പിക്കാനുള്ളത് ഇത് സംബന്ധമായ ഒരു കേസ്സ് ഇപ്പോൾ ലോക് അയുക്ത മുമ്പാകെ ഉണ്ട്. അതായത് ഒരു പബ്ലിക് ഇന്ററസ്റ്റിന്റ് അടിസ്ഥാനത്തിൽ ഒരാൾ ഒരു കേസ് ഫയൽ ചെയ്തിരിക്കുന്നു. പൊതുപ്രവർത്തകരുടെ അസറ്റ്സ് ആന്റ് ലയബിലിറ്റി സ്റ്റേറ്റുമെന്റ് കൊടുക്കുന്നതിന് സമയം നീട്ടികൊടുക്കുന്നത് ശരിയല്ല എന്നുപറഞ്ഞ് ഒരു പെറ്റീഷൻ ഉപലോക് അയുക്ത I-ന്റെ ഫയലിൽ വന്നിരിക്കുന്നു. സാരമില്ല. എന്നാലും നിയമസഭക്ക് ഇതാകാം. ഇവിടെവന്ന ഒരു പൊതുവായ വിഷയം, പത്രങ്ങളിൽവന്ന വാർത്ത എന്നുപറയുന്നത്, എം.എൽ.എ. മാർക്ക് (പൊതുപ്രവർത്തകരുടെ പബ്ലിക് സ്റ്റേറ്റുമെന്റുകൾ കൊടുക്കുന്നതിന് എം.എൽ.എ മാത്രമല്ല, മന്ത്രിമാർ മാത്രമല്ല) ഏതോ ഒരു സ്പെഷ്യൽ കൺസിഡറേഷൻ ചെയ്തുകൊടുക്കുന്നു; എം.എൽ.എ. മാരുടെ എല്ലാവരുടെയും സ്വരൂപിച്ചുകൊണ്ടുവരാൻ വളരെ സമയം എടുക്കുന്നു; എന്നൊക്കെയുള്ള നിലയിൽ പല തരത്തിലുള്ള വ്യാഖ്യാനങ്ങൾ വന്നിട്ടുണ്ട്. നമുക്ക് ആരെയും കുറ്റം പറയാൻ സാധ്യമല്ല. കാരണം ഈ സ്റ്റേറ്റുമെന്റ് കൊടുക്കേണ്ടതിനെ സംബന്ധിച്ചിടത്തോളം ഈ നിയമം പാസ്സാക്കിയ അവസരത്തിൽ അന്നത്തെ ക്ളാസ് 22-ൽ പറഞ്ഞിട്ടുണ്ട്.

1 Every public servant, other than a Government servant, shall within six months after the commencement of this Act, and thereafter before the 30th day of June, once in two years, submit to the competent authority in the prescribed form, a statement of his assets and liabilities and those of the members of his family.

2 If no such statement is received by the competent authority from any such public servant, within the time specified in Sub-section (1), the competent authority shall make a report to that effect to the Lok Ayukta or the Upa- Lok Ayukta, as the case may be and send a copy of the report to the public servant concerned.

എന്ന് പറഞ്ഞ് ബാക്കികാര്യങ്ങൾ പറയുകയാണ്. ഇപ്പോൾ ഗവൺമെന്റ് പറഞ്ഞിരിക്കുന്നതെന്താണ്? ഗവൺമെന്റിന്റെ സ്റ്റേറ്റുമെന്റ് ഓഫ് ഒബ്ജക്റ്റ്സ് ആന്റ് റീസൺസിൽ പറഞ്ഞിരിക്കുന്നത് "ഈ നിയമം നിലവിൽ വന്നുകഴിഞ്ഞ് 6 മാസത്തിനുള്ളിൽ" എന്നുള്ള ഈ പ്രൊവിഷൻ നടപ്പിലാക്കാൻ വേണ്ടിവന്ന സമയപരിധി എന്നുപറയുന്നത് 1999 മേയ് മാസം 14 ആണ്. ആ സമയത്തിനുള്ളിൽ എന്തുകൊണ്ട് ഇത് സംഭവിച്ചില്ല. ഇത് പൊതുപ്രവർത്തകരുടെ കുഴപ്പം കൊണ്ടാണോ? ഇത് സംഭവിച്ചത് ഗവൺമെന്റിന്റ കുഴപ്പം കൊണ്ടാണ്. ഗവൺമെന്റുതന്നെ ഇവിടെ അഡ്മിറ്റ് ചെയ്തിരിക്കുന്നു, ഇതിനാവശ്യമുള്ള ഫോംസും മറ്റ് കാര്യങ്ങളുമെല്ലാം സമയത്തിന് കൊടുക്കാൻ കഴിഞ്ഞിട്ടില്ലായെന്ന്. ഇവിടെ പറഞ്ഞിരിക്കുന്നത്.

The period of six months specified in section 22 for filling the statement expired on 14th May 1999. The form of statement of assets and liabilities and the competent authority in respect of certain categories of public servants could not be prescribed before the expiry of the said period. Hence, the Public servants could not file their statements as specified in section 22 of the Act within the specified time.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ആരുടെ കുഴപ്പമാണ്? ഈ നിയമം ഇവിടെ ചർച്ചക്ക് വന്ന അവ സരത്തിൽ ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം, അന്ന് ഈ സെക്ഷൻ 22 -ന് അമെന്റ്മെന്റ് വന്നതാണ്. ഇത്രയും സമയം കൊടുത്താൽ പോര. അല്പം കൂടി സമയം കൊടുക്കണം. പക്ഷെ കൊടുത്തില്ല. അപ്പോൾ ഗവൺമെന്റ് പറഞ്ഞു ഗവൺമെന്റിനെ സംബന്ധിച്ചുള്ളത് എത്രയും പെട്ടെന്ന് ഈ കാര്യ ങ്ങൾക്ക് നടപടികളുമായി മുന്നോട്ട് പോകണമെന്നുള്ളതാണ്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്തു. വോട്ടില്ലാതെ പാസ്സാക്കിയ ഒരു വകുപ്പാണ് സെക്ഷൻ 22. അതുകഴിഞ്ഞ് ഇത് 6 മാസംകൂടി നീട്ടിയപ്പോൾ എന്താണ് സംഭ വിച്ചത്? ഇതുതന്നെ സംഭവിച്ചു. പിന്നെയും സമയത്തിന് സർക്കാരിന് ഇതിന് ആവശ്യമുള്ള ഫോംസ് പ്രിന്റ് ചെയ്യാൻ കഴിഞ്ഞില്ല. ആരൊക്കെയാണ് കോംപീറ്റന്റ് അതോറിറ്റിയെന്ന് ഡിക്ളെയർ ചെയ്യാൻ കഴിഞ്ഞില്ല. അതിന്റെ അടിസ്ഥാനത്തിൽ പിന്നെയും നീട്ടി. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുവന്ന അനാസ്ഥയും ഗവൺമെന്റിന് സമയത്ത് ആക്ട് ചെയ്യാൻ കഴിയാതെ വന്നതി ന്റെയും പരിണിതഫലമായിട്ട് ഈ ഭേദഗതി ഒരു ഓർഡിനൻസായിട്ട് കൊണ്ടു വരേണ്ടിവന്നു. ഇതിന്റെ പാപം മുഴുവൻ പൊതുപ്രവർത്തകർ ഏറ്റെടുത്തുകൊ ള്ളണം എന്നു പറഞ്ഞാൽ സാധ്യമല്ല. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഗവൺമെന്റിനാണ്. ഗവൺമെന്റിന് ഈ ലോക് അയുക്ത നിയമം നടപ്പിലാ ക്കുന്ന കാര്യത്തിലുള്ള ആത്മാർത്ഥത എന്താണ്? ഞാൻ അത് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയോട് ഒന്നു ചോദിക്കട്ടെ. അങ്ങാണല്ലോ ഈ ബിൽ അന്നും പൈലേറ്റ് ചെയ്തത്. ഇടയ്ക്ക് ചീഫ് മിനിസ്റ്ററും അഭിപ്രായങ്ങൾ പറ ഞ്ഞിട്ടുണ്ട്. അന്ന് ഈ നിയമം അതായത് '99 -ലെ നിയമം വരുന്നതിനുമുമ്പ് നമ്മുടെ സംസ്ഥാനത്ത് മറ്റൊരു നിയമം നിലവിലുണ്ടായിരുന്നു. ആ നിയമം എന്നുപറയുന്നത്. The Kerala Public Men's corruption (Investigations and Inquiries) Act, 1987.

ആ ആക്ട് നമ്മൾ റിപ്പീൽ ചെയ്തിട്ടാണ് പുതിയ നിയമം കൊണ്ടു വന്നത്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പേരുവച്ച് സഭ യിൽ സർക്കുലേറ്റ് ചെയ്ത ബില്ലിൽ പറഞ്ഞിരിക്കുന്നത്, എന്തുകൊണ്ട് ഈ പുതിയ നിയമം വരുന്നു. ആ പുതിയ നിയമത്തെ കുറിച്ച് പറഞ്ഞത്.

In pursuance of the declared policy of the state Government to eliminate corruption in Public service, it has become necessary to strengthen the existing vigilance machinery in the State. Government considered that the Kerala Public Men's corruption (Investigation and Inquires) Act, 1987 in force in the State, was not sufficient to prevent, effectively, the corruption among public servants. Government considered it necessary to widen the ambit of the legislation by including all Government servants, the members and the person in service of the local authority, statutory and non–statutory bodies and co-operative societies within the purview of the same. Therefore, it has been decided to bring forth a comprehensive new legislation for the effective inquiry and investigation of complaints against public servants and matters connected therewith or ancillary thereto.

ഞാൻ ചോദിക്കട്ടെ. ഗവൺമെന്റ് ഈ കാര്യത്തിലും ആത്മാർത്ഥത കാണിക്കുന്നുണ്ടോ? ലാ മിനിസ്റ്ററോട് വളരെ നിഷ്പക്ഷമായി ചോദിക്കുക യാണ്. ഇപ്പോൾ അങ്ങ് ഇവിടെ ഈ ബിൽ കൊണ്ടുവന്നതിൽ സ്റ്റേറ്റുമെന്റ് ഓഫ് അസറ്റ്സ് ആന്റ് ലയബിലിറ്റീസ് കൊടുക്കാനുള്ള സമയപരിധി നീട്ടിയി രിക്കുകയാണ്. ഞാൻ ആദ്യം ഒരു കാര്യം പറഞ്ഞു; ലോക് അയുക്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പിൽ ഒരാൾ സമയം നീട്ടുന്നതിനെ സംബന്ധിച്ച് കേസ് കൊടുത്തു. അത് പരിഗണനയ്ക്ക് ഇരിക്കുന്ന സമയത്ത്, ഞാൻ ചോദിക്കട്ടെ നമുക്ക് ഈ നിയമത്തെ സംബന്ധിച്ച്, ഈ നിയമത്തിന്റെ ചർച്ച നടക്കുമ്പോൾ സഭയിൽ ഒരു കാര്യം ചൂണ്ടികാണിക്കാനുണ്ട്. ഈ നിയമത്തിന് അങ്ങ് ഒരു ഭേദഗതി കൊണ്ടുവരുമ്പോൾ ഇതിനെക്കാൾ പ്രധാനപ്പെട്ട ഒരു ഭേദഗതി വേറെ ആവശ്യമായി വന്നിട്ടുണ്ട്. ഇവിടെ ഗവൺമെന്റ് എന്താണ് പറഞ്ഞത്? 1999-ലെ Statement of Objects and Reasons ആണ് ഞാൻ വായിച്ചത്. 1987-ലെ നിയമത്തിന്റെ പരിധിയിൽ വന്നിരിക്കുന്ന ആളുകൾ പോരാ. അതു കുറച്ചുകൂടി വിപുലപ്പെടുത്തി ഒരു മേഖലയിലുംപെടുന്ന ആളുകൾ ഇതിൽനിന്ന് എക്സംപ്റ്റഡ് ആകാൻ പാടില്ല. പ്യൂൺവരെ ഇതിനകത്ത് വരും. പക്ഷെ നമ്മുടെ ഈ നിയമത്തിന്റെ സംരക്ഷണത്തിന്റെ പേരിൽ മറ്റു പലരും രക്ഷപ്പെടാൻ ശ്രമിക്കുന്നു. ഇതനുവദിക്കാൻ സാധ്യമാകുമോ? ഇവിടെ പഴയ നിയമത്തിൽ നമ്മൾ പബ്ലിക് സർവന്റ്സിനു കൊടുത്ത ഡെഫനിഷൻ എന്താണ്? പഴയ നിയമത്തിലെ In section 2 (k) Public servant means a public servant as defined in section 21 of the Indian penal code (Central Act 45 of 1860) and in the Kerala Cirminal law Amendment Act 27 of 1962.

ഇതാണ് അന്ന് നമ്മൾ പബ്ലിക് സർവന്റിനെ സംബന്ധിച്ച് 1987-ലെ നിയമത്തിൽ കൊണ്ടുവന്നത്. നമ്മൾ അതുമാറ്റിയിട്ട് പബ്ലിക് സർവന്റ്സ് എന്നുള്ളത് ചീഫ് മിനിസ്റ്ററിൽ തുടങ്ങി വളരെയേറെ ആളുകളെ ഇതിന്റെ പരിധിയിൽ കൊണ്ടുവന്നുകൊണ്ട് ഒന്നുകൂടി ക്ലാരിഫൈ ചെയ്തു. ഒന്നുകൂടി വിപുലീകരിച്ചു. അതോടൊപ്പം തന്നെ വിപുലീകരണം വന്ന അവസരത്തിൽ നമ്മുടെ ഉദ്ദേശം എന്താണ്? നമ്മുടെ ഉദ്ദേശം ഇതിന്റെ പരിധിയിൽ എല്ലാവരും വരണം. ഗവൺമെന്റിന്റെഉദ്ദേശവുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ ബിൽ അവതരിപ്പിച്ചപ്പോൾ അതിന്റെ statement of objects and reasons -ൽ പറഞ്ഞിട്ടുണ്ട്. ഇവിടുത്തെ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തണം. മറ്റു കാര്യങ്ങൾ ശക്തിപ്പെടുത്താണം. ഗവൺമെന്റിന്റെ പോളിസിയാണ്. കറപ്ഷൻ ഇറാഡിക്കേറ്റ് ചെയ്യണം. അതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുക. ഈ നിയമം ചർച്ചയ്ക്കു വന്നവസരത്തിൽ ഞങ്ങൾ പല ഭേദഗതികളും ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എനിക്ക് പറയാനുള്ളത് ഇന്ന് കമ്മിറ്റിക്ക് പോകുന്നുണ്ടല്ലോ. ആ അവസരത്തിൽ ഡെഫനിഷൻ ക്ലാസിനകത്ത് മറ്റ് രണ്ട് ഭേദഗതികൾകൂടി ചേർക്കണം. അതായത് ഗവൺമെന്റിന്റെ ഇന്റൻഷൻ, ഗവൺമെന്റ് പറഞ്ഞിരിക്കുന്ന പൊതു ആശയം അതായത്, ആദ്യത്തെ ആശയത്തിന്റെ പരിധിക്കുള്ളിൽ എല്ലാവരേയും കൊണ്ടുവരണം. അത് സാധിക്കണമെങ്കിൽ പബ്ലിക് സർവന്റ് എന്നുള്ളത് ആരാണ് എന്നതിന് സംബന്ധിച്ച് നേരത്തെയുള്ള നിയമത്തിൽ പറഞ്ഞിരുന്ന വാക്ക് വളരെ പര്യാപ്തമാണ്. പോരെന്നും പറഞ്ഞ് നമ്മൾ പറഞ്ഞപ്പോൾ മറ്റുചിലർക്ക് നഷ്ടപെടാനുള്ള അവസരം കിട്ടി. അതുപോലെതന്നെ കറപ്ഷനെപറ്റി ഇപ്പോഴത്തെ നിയമത്തിൽ പറഞ്ഞിരിക്കുന്നത്. "Corruption" includes anything made punishable under Chapter IX of the Indian penal code (Central Act 45 of 1860) or under the prevention of Corruption Act, 1988 (Central Act of 1988). ആ രണ്ട് സെൻട്രൽ ആക്ടിന്റെ ഉള്ളിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് നമ്മളതിൽ നിർത്തി. അതേസമയം 1987-ലെ നിയമത്തിൽ, ഡെഫനിഷൻ ഓഫ് കറപ്ഷൻ, അന്നത്തെ പഴയ നിയമത്തിലെ സെക്ഷൻ 3-ൽ വളരെ ഡീറ്റെയിൽഡ് ആയിട്ട് നമ്മൾ പറഞ്ഞിട്ടുണ്ട്. അതിന് ഉപരിവിവായി (ജി) സബ് ക്ളാസ് വരെവന്നു. അതിന് നാല് എക്സ്പ്ലനേഷൻസും കൊടുത്തിട്ടുണ്ട്. നമ്മൾ പരിശോധിച്ചു. ലാ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പറഞ്ഞു അതു വേണ്ട, നമുക്ക് ഈ പറയുന്ന ഒരു ചെറിയ വാക്കുകൊണ്ട് അല്ലെങ്കിൽ ഐപി.സി.

LIBRARY ARCHIVES Kerala Legislative Assembly

യിലെയും പിസി. ആക്ടിലെയും കാര്യങ്ങൾ മാത്രമായികൊണ്ട് കമ്പ്ഷൻ നമുക്ക് ഡിഫൈൻ ചെയ്യാൻ സാധിക്കുമെന്ന്. നമ്മൾ അത് ഒന്നുകൂടി അവിടെ ചുരുക്കി. നേരത്തെ നിയമത്തിലുണ്ടായിരുന്ന ചുരുക്കമായി പറഞ്ഞ കാര്യങ്ങൾ പബ്ലിക് സർവെന്റ്സ് ആർ എന്ന കാര്യത്തിൽ ഇവിടെ വിപുലീകരിച്ചു. ഇതു എന്തിനു ചെയ്തു എന്നുള്ളതിനെ സംബന്ധിച്ച് ഇപ്പോൾ ഞങ്ങൾക്ക് ചില സംശയങ്ങളുണ്ട്. അത് ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ ക്ലാരിഫൈ ചെയ്യണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം നിയമസഭയിൽ പറഞ്ഞ ഒരു കാര്യമുണ്ട്. അദ്ദേഹം പറഞ്ഞു കേരള ലോക് അയുക്ത ആക്ടിന്റെ -ലെ സെക്ഷൻ രണ്ട് (ഒ) യും രണ്ട് (എഫും) പ്രകാരം അഡ്വക്കേറ്റ് ജനറലും ഗവൺമെന്റ് പ്ലീഡറും മറ്റു തസ്തികകളിലിരിക്കുന്നവരും ഗവൺമെന്റ് സർവന്റ് ആയതിനാൽ ലോക് അയുക്തയുടെ അധികാര പരിധിയിൽ ഇപ്പോൾതന്നെ വന്നിട്ടുണ്ട് എന്ന്. അദ്ദേഹത്തിന്റെ അഭിപ്രായം അദ്ദേഹം ഫയലിൽതന്നെ എഴുതിയിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം 26.10.1999 ലാണ് മുഖ്യമന്ത്രി ഫയലിൽ ഈ പരാമർശനത്തിൽ ഒപ്പു വച്ചിരിക്കുന്നത്. ഞാൻ അദ്ദേഹത്തിന്റെ ആ നിലപാടിനെ അംഗീകരിക്കുന്നു. മുഖ്യമന്ത്രി പറഞ്ഞ നിലപാടിനോട് ഞാൻ യോജിക്കുകയാണ്. ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ മനസ്സിലാക്കാനുള്ള ഒരു സംഗതി മുഖ്യമന്ത്രിയാണോ ലാ സെക്രട്ടറിയാണോ അവിടെ വലുത്.? അത് ഈ സഭയ്ക്ക് അറിയണം. ഞാൻ മനസ്സിലാക്കിയിടത്തോളം മുഖ്യമന്ത്രി തന്നെയാണ്. ഒരു ഭരണത്തിന്റെ പ്രധാന അധികാരി. പിന്നെ ലാ മിനിസ്റ്ററുണ്ട്. ലാ സെക്രട്ടറിയായി വരുന്നയാളുണ്ട്. ക്വാളിഫിക്കേഷൻ വൈസ് നോക്കിയാൽ ഒരുപക്ഷെ ലാ സെക്രട്ടറിയായി വരുന്നയാൾ മന്ത്രിയേക്കാൾ ക്വാളിഫൈഡായിരിക്കും. പക്ഷെ നമ്മുടെ നടപടി ക്രമങ്ങൾ വച്ചുകൊണ്ട് മന്ത്രി അതിന്റെ തലവനായി പ്രവർത്തിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ അങ്ങനെ പറഞ്ഞതിനുശേഷവും ലാ സെക്രട്ടറി ലോക് അയുക്തയിൽ എന്താണ് പഞ്ഞത്? അതിനുള്ള അധികാരം ആര് അദ്ദേഹത്തിനു കൊടുത്തു? ലാ സെക്രട്ടറി പറഞ്ഞിരിക്കുന്നു, ലാ സെക്രട്ടറി ഫയൽ ചെയ്ത അഫിഡവിറ്റിൽ അദ്ദേഹം പഞ്ഞിരിക്കുന്നത് ഇതാണ്; It is submitted that the Advocate General does not come within the purview of the Kerala Lok Ayukta Act nor is the Advocate General a Public Servant coming within the meaning of Section 2(O) of the said act. That being so the above complaint preferred against the Advocate General is not maintainable in law and the Honourable Lok Ayukta had no jurisdiction to entrertain the same. The complaint accordingly is liable to be dismissed. കോടതിയിൽ വന്ന ഒരു കേസ്സിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നതാണ്. ഈ പയ്യന്നൂ ആളുകളൊക്കെ നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ സെക്ഷൻ 2(ഒ) യിലും സെക്ഷൻ 2 (എഫ്)ലും വരുന്നു എന്നു മുഖ്യമന്ത്രി പഞ്ഞതിനുശേഷം ലോക് അയുക്തയിൽ പോയി സമർപ്പിച്ച ഒരു അഫിഡവിറ്റിൽ ഇങ്ങനെ പറഞ്ഞാൽ അത് മുഖ്യമന്ത്രിയെ ധിക്കരിക്കലാണോ അതോ ഈ സഭയെ കളിയാക്കലാണോ? മറുപടി ഞങ്ങൾക്ക് അർഹതപ്പെട്ടതുണ്ട്. ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ മറുപടി പറയേണ്ടതാണ്. ഞാൻ ആന്നത്തെ സബ്ജക്ട് കമ്മിറ്റിയിൽ വന്നതാണ്. അങ്ങോക്കറിയാം നമ്മൾ ഇക്കാര്യം ഡിബേറ്റ് ചെയ്തിട്ടുണ്ട്. അന്നത്തെ ലാ സെക്രട്ടറി ഇപ്പോൾ ഹൈക്കോടതി ജഡ്ജിയാണ്. അദ്ദേഹം പറഞ്ഞു ഇതുമതി ഇതിന്റെ പരിധിയിൽ എല്ലാവരും വരുമെന്ന്. അഡ്വക്കേറ്റ് ജനറലിന്റെ കാര്യം അന്നുവന്നു. അപ്പോൾ അന്നത്തെ ലാ സെക്രട്ടറി (ഇപ്പോഴത്തെ ഹൈക്കോടതി ജസ്റ്റീസ്) 10-ാം നമ്പർ സബ്ജക്ടു കമ്മിറ്റിയിൽ ചില ക്ലാരിഫിക്കേഷൻസ് പറഞ്ഞു. നമ്മൾ ചില ക്ലാരിഫിക്കേഷൻസ് ചോദിച്ചു. അതു ചോദിക്കാൻ മെമ്പേഴ്സിന് അവകാശമുണ്ട്. അന്നത്തെ ലാ സെക്രട്ടറി ഒരു അഭിപ്രായം പറഞ്ഞതിനുശേഷം ഇന്നത്തെ ലാ സെക്രട്ടറി വന്ന് വേറൊരു അഭിപ്രായം പറഞ്ഞാൽ ഏത് അഭിപ്രായം ഞാൻ വിശ്വസിക്കണം? ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി പറഞ്ഞ ആശയത്തോട് തന്നെ ഞാൻ നിൽക്കുകയാണ്. കാരണം എക്സിക്യൂട്ടീവിനു ചില അധികാരങ്ങളുണ്ട്. നിയമം പാസ്സാക്കാനുള്ള അധികാരം ഈ നിയമസഭയ്ക്കുണ്ട്. അതിന്റെ തലപ്പത്ത് വേറെ ആരെങ്കിലും കയറി നിന്നാൽ എന്ത് വേണമെന്നുള്ളതിന് ലാ മിനിസ്റ്ററാണ് മറുപടി ഞങ്ങളോടു പറയേണ്ടത്. ഇവിടെ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. ഇതിനകത്ത് (എഫ്) ണക്കുറിച്ചു പറഞ്ഞിരിക്കുന്നത്.

If the Advocate General is a Government Servant as defined in section 2 (f) of the Act, then the Advocate General will come under the definition of Public Servant as defined in Section 2 (o) of the Act. If not, the Advocate General will not come under the purview of the Act. On a reading of the definition of Government Servant as defined in Section 2(f) of the Act it can be seen that the Advocate General will not come under any of the categories preferred therein.

[12.Noon] ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം പറഞ്ഞാൽ മതി. അഡ്വക്കേറ്റ് ജനറലിനെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ? ഈ ചോദ്യം ചോദിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറഞ്ഞുവന്നിട്ടുണ്ട് എന്ന്. ഇപ്പോൾ ലാ സെക്രട്ടറി പറയുന്നു വന്നിട്ടില്ല എന്ന്. അദ്ദേഹത്തിന് എതിരെ ആർക്കും ഒരു പരാതിയും ലോക് അയുക്തയുടെ മുമ്പാകെ കൊടുക്കാൻ പറ്റില്ല. സർ, ഈ കോൺട്രഡിക്ഷൻ എങ്ങനെ നമുക്ക് അംഗീകരിക്കാൻ പറ്റും? അംഗീകരിക്കാൻ പറ്റുമോ? ഈ സഭയ്ക്ക് അംഗീകരിക്കാൻ പറ്റുമോ; സാമാന്യ നീതിബോധമുള്ള ആർക്കെങ്കിലും ഇത് അംഗീകരിക്കാൻ പറ്റുമോ? ഇതു എന്തിനുവേണ്ടി ചെയ്യുന്നു. വേറെ ഒരു ചോദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്നതുകൊണ്ട് ചോദിക്കുന്നു. അദ്ദേഹം ഇല്ലായിരുന്നെങ്കിൽ ചോദിക്കുകയില്ലായിരുന്നു. സർ, ഗവൺമെന്റിന്റെ ജോലി എന്താണ്? ഇപ്പോൾ നിങ്ങൾ അഴിമതിക്കെതിരെ ഒരു പാട് നടപടികൾ സ്വീകരിക്കുന്നവരാണെന്ന് സ്വയം അവകാശപ്പെടുന്നുണ്ട്. അത് ഗവൺമെന്റിന്റെ പോളിസി. ഗവൺമെന്റ് ഗവൺമെന്റിന്റെ വഴിക്കു പോകുകയാണ്. ഇപ്പോൾ ലോക് അയുക്ത ഉണ്ടാക്കി. ഈ ലോക് അയുക്തയിൽ ചീഫ് മിനിസ്റ്റർ മുതലുള്ള ആളുകൾ വരികയാണ്. ചീഫ് മിനിസ്റ്റർക്കു എതിരായി പെറ്റീഷൻ വന്നാൽ ചീഫ് മിനിസ്റ്റർ സത്യവാങ്മൂലം കൊടുക്കണം. അദ്ദേഹം അഡ്വക്കേറ്റിനെവച്ച് കേസ് നടത്തണം. ആരെക്കുറിച്ചാണെങ്കിലും അങ്ങനെ ചെയ്യണം. എന്നെക്കുറിച്ചാണെങ്കിലും ഞാൻ അങ്ങനെ ചെയ്യണം. പക്ഷെ ഈ നിയമത്തിനകത്ത് സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ ഒക്കെ വരുന്നുവെന്ന് വളരെ ക്ളിയറായി പറഞ്ഞിരിക്കുകയാണ്. ഇതെല്ലാം പറഞ്ഞതിനുശേഷവും ഒരു വ്യക്തി, 'ഇന്ന ഓഫീസിലിരിക്കുന്ന ഒരാള്' 'ഒരു ഹെഡ് ഓഫ് ദ ഡിപ്പാർട്ടുമെന്റ്' കറപ്ഷൻ കാണിച്ചു എന്നുപറഞ്ഞാൽ അയാൾ കറപ്ഷൻ കാണിച്ചില്ലെന്നു തെളിയിക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനാണോ; അയാൾക്കല്ലേ? ആരുടെ പേരിൽ കുറ്റം ആരോപിക്കപ്പെടുന്നുവോ ആ കുറ്റം ആരോപിക്കപ്പെട്ട ആളുവേണം താൻ കുറ്റക്കാരനല്ലെന്നു തെളിയിക്കേണ്ടത്. സർക്കാർ അവിടെ എന്താണ് ചെയ്യേണ്ടത്? കറപ്ഷൻ നടത്തിയ ഉദ്യോഗസ്ഥനെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കണം. ലോക് അയുക്തിനെ സഹായിക്കുകയാണ് വേണ്ടത്. ഇവിടെ അതുണ്ടായിട്ടുണ്ടോ? എന്തുകൊണ്ട് അതുണ്ടായില്ല? ഈ നിയമത്തിലെ കറപ്ഷൻ എന്ന ഡെഫിനിഷനെ സംബന്ധിച്ചിടത്തോളം പബ്ലിക് സർവന്റ് അതുപോലെതന്നെ പബ്ലിക് സർവന്റിന്റെ ഡെഫനിഷൻ 2 (ഒ) യുടെയും 2(എഫ്) ന്റെയും വ്യാഖ്യാനത്തിന്റെ പരിധിയിൽവന്ന ആരെയെങ്കിലും രക്ഷപ്പെടുത്താൻ സാധിക്കുമോ? ബഹുമാനപ്പെട്ട നിയമ വകു

LIBRARY ARCHIVES Kerala Legislative Assembly

പ്പുമന്ത്രി പ്രാക്ടീസിംഗ് ലായർ അല്ലെങ്കിലും വായിച്ചാൽ മനസ്സിലാകുന്ന ആളാണ്. പബ്ലിക് സർവന്റ്സ് ആക്ടും പബ്ലിക് അക്കൗണ്ട്സ് ആക്ടും ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ഇവിടെ വായിക്കുന്നില്ല. ഈ രണ്ടുനിയമങ്ങളും പ്രകാരം അഡ്വക്കേറ്റ് ജനറൽ ഗവൺമെന്റ് സർവന്റും പബ്ലിക് സർവന്റുമാണ്. രണ്ടും പറയുന്നുണ്ട്. ഒരു കാര്യം കൂടി ഞാൻ പറയട്ടെ നമ്മുടെ കേരള ഫിനാൻഷ്യൽ കോഡ് വോള്യം 2-ൽ അപ്പെന്റിക്സ് ഒന്നായി പറഞ്ഞിട്ടുണ്ട്, ലിസ്റ്റ് ഓഫ് ദ ഹെഡ്സ് ഓഫ് ഡിപ്പാർട്ടുമെന്റിൽ, അതിനകത്ത് 9-ാമതായി പറഞ്ഞിരിക്കുന്നത്-അഡ്വക്കേറ്റ് ജനറൽ. ഫിനാൻഷ്യൽ കോഡിന്റെ വോള്യം 1 -ൽ ഗവൺമെന്റ് സർവന്റ് എന്താണെന്നു പറഞ്ഞിട്ടുണ്ട്.

Govt. Servant Means any Person serving in connection with the affairs of the State whether remunerated by salary or not and includs every person who is autorised to receive, keep, carry or spend money on behalf of the Government. വളരെ ക്ളിയറാണ്. ഫിനാൻഷ്യൽ കോഡും പബ്ലിക് സർവന്റ്സ് ആക്ടും പബ്ലിക് അക്കൗണ്ട്സ് ആക്ടും ഒക്കെ നിലവിലുള്ളതുകൊണ്ടായിരിക്കാം ഫർതർ ക്ളാരിഫിക്കേഷൻ സെക്ഷൻ -2 ന് വേണ്ടായെന്ന നിഗമനത്തിൽ ഗവൺമെന്റ് എത്തിച്ചേർന്നതെന്ന് ഞാൻ കരുതുന്നു. ഗവൺമെന്റിന്റെ ഇന്റൻഷനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇതിന്റെ മറവിൽ എന്തു നടക്കുന്നു എന്ന് ഞങ്ങൾക്ക് അറിയണ്ടേ? ഈ സഭയ്ക്ക് അറിയണ്ടേ? അതുകൊണ്ടാണ് ലോക് ആയുക്തയുടെ മുമ്പാകെയുള്ള ഒരു കേസ് പെൻഡിംഗിൽ നമ്മുടെ അസറ്റ്സ് ആന്റ് ലയബിലിറ്റീസ് ഫയൽ ചെയ്യാനുള്ള സമയപരിധി നമ്മൾ ദീർഘിപ്പിച്ചുകൊടുക്കുന്നത്. മറ്റൊരു കേസ് ട്രയലിൽ നിൽക്കുകയാണ്. ഞാൻ ആ കേസിന്റെ മെറിറ്റിലേക്ക് കടന്നു പോകുന്നില്ല. .....

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നമ്മുടെ ഭരണഘടനയനുസിച്ച് എ.ജി.യുടെ നിയമനം ആർട്ടിക്കിൾ 165(1) അനുസരിച്ചാണ്. ആ നിയമനമെന്നുപറയുന്നത് ഗവർണർക്ക് പ്ലഷർ ഉള്ളിടത്തോളം കാലം അദ്ദേഹം തുടരും, പക്ഷെ ഇവിടെ വന്നിരിക്കുന്ന ഒരു പ്രധാനപ്പെട്ട ആർഗ്യുമെന്റ് എന്താണെന്നറിയാമോ? ഇവിടെ വന്നിരിക്കുന്ന ആർഗ്യുമെന്റ്, ഇത് നിയമിച്ച കാര്യമാണ്. നിയമമാണ്.

As head of the State, Governor has appointed so and so as Advocate General. This is an appointment. അല്ലാതെ ഇത് അധികാരപ്പെടുത്തലല്ല. സർക്കാർ അധികാരപ്പെടുത്തികൊടുക്കുന്നു. ഫിനാൻഷ്യൽ കോഡനുസരിച്ച് ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റാണെന്ന് പറയുന്നു. എ.ജി.ക്ക് സർക്കാർ കൺസോളിഡേറ്റഡ് അലവൻസ് കൊടുക്കുന്നു. എ.ജി.ക്ക് പെർമനന്റായിട്ട് ഒരു ഓഫീസുണ്ട്. അവിടെ സ്റ്റാഫുണ്ട്. മറ്റ് സൗകര്യങ്ങളുണ്ട്. ഈ സൗകര്യങ്ങളെല്ലാം ഉപയോഗിച്ചുകൊണ്ട് മുന്നോട്ടുപോകണം. അവിടത്തെ പർച്ചേസ് എങ്ങനെ നടത്തണം? ഇതിനു മുമ്പും എ.ജി.മാർ ഇരുന്നിട്ടില്ലേ? ഇപ്പോൾ വന്നിരിക്കുന്ന ആക്ഷേപം എന്താണ്? ലോക് ആയുക്തിന് മുമ്പാകെ കൊടുത്തിരിക്കുന്ന പരാതിയിൽ പറഞ്ഞിരിക്കുന്നു, അവിടെ കമ്പ്യൂട്ടർ വാങ്ങിച്ചു, ഫാക്സ് മെഷീൻ വാങ്ങിച്ചു, ടെലിഫോൺ സെറ്റുകൾ വാങ്ങിച്ചു, കോപ്പിയർ വാങ്ങിച്ചു, ഇതിന് 20% ഡിസ്കൗണ്ട് കൊടുത്തു. അത് സർക്കാരിന് കിട്ടേണ്ടതല്ലേ? അവിടെ സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടർ അഡ്വക്കേറ്റ് ജനറലിന്റെ സ്വന്തം കാശിൽ നിന്നും വാങ്ങുന്നതല്ലല്ലോ. അത് അവിടെ പെർമനന്റായിട്ട് വയ്ക്കുന്ന സാധനമാണ്. ഇത് കൊടുക്കുന്നത് സർക്കാരാണ്. ആ വാങ്ങിയ സാധനങ്ങൾക്ക് 20% ഡിസ്കൗണ്ട്. ആ ഡിസ്കൗണ്ട് സർക്കാരിനെ കാണിച്ചില്ലെങ്കിൽ അഴിമതിയാണോ? ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് പറയണം. ഇത് എവിടെയെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും അന്വേഷിക്കണ്ടേ ആരെങ്കിലും അന്വേഷിക്കണ്ടേ? അതിനാണല്ലോ നമ്മൾ ലോക് ആയുക്ത ഉണ്ടാക്കിയത്? നമ്മൾ ലോക ആയുക്ത ഉണ്ടാക്കി അതിന്റെ ആംബിറ്റിലേക്ക് എല്ലാവരെയും കൊണ്ടുവന്നതെന്തിനാണ്? ഇങ്ങനെയാന്നും ഉണ്ടാകാതിരിക്കാൻവേണ്ടിയാണ്. ഞാൻ ഒരു പ്രധാനപ്പെട്ട കാര്യമാണ് പറയുന്നത്. ഇത് ഇന്നത്തെ സബ്ജക്ട് കമ്മിറ്റിയിൽ വരണം. ഇത് വന്നേ പറ്റൂ. ഇത് വരാൻവേണ്ടിയാണ് അങ്ങയോട് പറയുന്നത്. സബ്ജക്ട് കമ്മിറ്റിക്ക് അതിനു അധികാരമുണ്ട്. ഇന്ന് മൂന്നുമണിക്ക് കൂടുന്ന സബ്ജക്ട് കമ്മിറ്റിയിൽ വരാൻവേണ്ടിയാണ് ഞാൻ പറയുന്നത്. ഈ സഭ ഒന്ന് അറിയാൻവേണ്ടിയാണ് പറയുന്നത്. അങ്ങേക്കറിയാമല്ലോ ഹൈക്കോടതിയിൽ കേസ് വരുന്നുണ്ട്. സർക്കാരിനെ പ്രൊട്ടക്ടു ചെയ്യേണ്ടതാരാണ്? ഡിഫന്റ് ചെയ്യേണ്ടതാരാണ്? എ.ജി. ഡിഫന്റു ചെയ്യണം. സർക്കാർ വക്കീലൻമാർ സർക്കാരിന്റെ ഇന്ററസ്റ്റ് ഡിഫന്റുചെയ്യണം. സർക്കാരിനുവേണ്ടി വാദിക്കണം. സർക്കാരിന് അനുകൂലമായിട്ടുള്ള കേസുകളാണെങ്കിൽ ജയിക്കണം. സർക്കാരിന് ദോഷകരമായി ഒന്നും സംഭവിക്കാൻ പാടില്ല. പക്ഷെ ഉണ്ടായിരിക്കുന്ന സംഭവമെന്താണ്? ഈ പെറ്റിഷനിൽ പറഞ്ഞിരിക്കുന്നു-ശരിയോ തെറ്റോ? നിങ്ങൾ അന്വേഷിച്ചോ? ഒന്നുകിൽ ലോക് അയുക്ത അന്വേഷിക്കണം. അല്ലെങ്കിൽ ഗവൺമെന്റ് അന്വേഷിക്കണം. ഒരു പരാതി വന്നാൽ ആരെങ്കിലും അന്വേഷിക്കണ്ടേ? ഇവിടെ പറഞ്ഞിരിക്കുന്നു 75-ഓളം കേസുകളിൽ എ.ജിയുടെ ഓഫീസിൽനിന്നും ഹാജരായിരിക്കുന്ന പ്ലീഡർമാർ ദാമോദരൻ അസോസിയേറ്റ്സിൽ ജോലി ചെയ്തിരുന്ന കുറച്ചുപേർ ഇപ്പോൾ സർക്കാർ പ്ലീഡർമാരായിട്ടുണ്ട്. അത് ഗവൺമെന്റിന് വയ്ക്കാം. 75-ഓളം കേസുകളിൽ ഗവൺമെന്റ് പ്ലീഡർമാരായിട്ട് ഒന്നുകിൽ എ.ജി., അല്ലെങ്കിൽ പഴയ ദാമോദരൻ അസോസിയേറ്റ്സിൽ ജോലി ചെയ്തിരുന്ന സർക്കാരിന്റെ ഇപ്പോഴത്തെ പ്ലീഡർമാർ ഹാജരാകുന്നു. എതിർഭാഗത്ത് വരുന്നത് ദാമോദരൻ അസോസിയേറ്റ്സിലെ ഇപ്പോഴത്തെ അഡ്വക്കേറ്റ്സാണ്. നിങ്ങൾ പരിശോധിക്കുമോ? എനിക്ക് കിട്ടിയിരിക്കുന്ന വിവരമനുസരിച്ച് ഈ 75 കേസിലും സർക്കാർ തോറ്റു. ലോക് അയുക്ത മുമ്പാകെ ഒ.പി. നമ്പരിട്ട് ഫയൽ ചെയ്തിരിക്കുന്ന കേസാണ്. പ്രശ്നമില്ല. പക്ഷേ സർക്കാർ തോറ്റു. ഞങ്ങൾക്കൊന്നും അതല്ലല്ലോ, നമുക്കൊരു പൊതു താല്പര്യമില്ലേ? ഇപ്പോൾ നിങ്ങൾ ഭരിക്കുന്നു. ചിലപ്പോൾ ഞങ്ങൾ ഭരിക്കും. അപ്പുറവും ഇപ്പുറവുമിരിക്കും. പക്ഷെ സ്റ്റേറ്റിന്റെ കോമൺ ഇന്ററസ്റ്റ് ഈ കാര്യത്തിലില്ലേ? സ്റ്റേറ്റിനുവേണ്ടി കേസ് വാദിക്കുന്നവർ വാദിക്കാതിരുന്നാൽ സ്ഥിതിയെന്താണ്? അവരെ എന്തുചെയ്യണം? അവർക്കെതിരെ പരാതി വന്നാൽ, അവർ കറപ്ഷൻ കാണിക്കുന്നുവെന്ന് പറഞ്ഞാൽ ആരാണ് അന്വേഷിക്കേണ്ടത്? ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഞങ്ങളെയൊന്ന് ഉപദേശിക്കണം. നമ്മുടെ കൈയിലുള്ള ഇപ്പോഴത്തെ നിയമനുസരിച്ച് ചെയ്യേണ്ട കാര്യങ്ങൾ..... ഞാൻ മറ്റൊരു കാര്യംകൂടി സഭ അറിയാൻവേണ്ടി പറയുകയാണ്. ചീഫ് സെക്രട്ടറി മോഹൻകുമാർ സെക്കന്റ് റെസ്പോണ്ടന്റായിട്ട് വന്നു. മോഹൻകുമാർ സത്യവാങ്മൂലം ഫയൽ ചെയ്യേണ്ടേ? അദ്ദേഹം ഫയൽ ചെയ്തില്ലല്ലോ. ഇത് തെറ്റാണെന്ന് പറഞ്ഞാൽ തിരുത്താൻ ഞാൻ തയാറാണ്. മോഹൻകുമാർ സത്യവാങ്മൂലം ഫയൽ ചെയ്യാൻ മടികാണിച്ചു. പയ്യാവൂർ കേസാണ് ഓർമ്മ വരുന്നത്. നമ്മുടെ ചീഫ് സെക്രട്ടറി കൈയും കെട്ടി നിന്നില്ലേ? കോട്ടുമിട്ട് ടൈയും കെട്ടി കൈയും കെട്ടി വായും പൊത്തി ഹൈക്കോടതിയിൽ നിൽക്കാനുള്ള സാഹചര്യം ഒരു ചീഫ് സെക്രട്ടറിക്ക് ഈ രാജ്യത്തുണ്ടായി. അദ്ദേഹം പറഞ്ഞു, ഞാൻ ഒപ്പിടുകയില്ല. അദ്ദേഹം ഒപ്പിടാൻ വൈമനസ്യം കാണിച്ച സ്ഥാനത്താണ് ലാ സെക്രട്ടറി അഫിഡവിറ്റ് ഫയൽ ചെയ്തത്. ഇത് ഏത് നിയമ വ്യവസ്ഥിതിക്ക് ആനുകൂലമായിട്ടാണ്? ഞാൻ പഠിച്ച നിയമമനുസരിച്ച് നമ്മുടെ കീഴ്വഴക്കങ്ങളനുസരിച്ച്, അവിടെ ചീഫ് സെക്രട്ടറി ഫയൽ ചെയ്യേണ്ട സത്യവാങ്മൂലം പകരം ലാ സെക്രട്ടറി ഫയൽ ചെയ്തു. ഇത് ശരിയാണോ? ഈ സഭക്ക് ഈ കാര്യം അറിയണം. അഡ്വ

LIBRARY ARCHIVES Kerala Legislative Assembly

ക്കേറ്റ് ജനറൽ ദാമോദരന് കറപ്ഷൻ നടത്തിയോ ഇല്ലയോ? ഇത് ലോക് ആയുക്ത മുമ്പാകെ തീരുമാനിക്കട്ടെ. ഞാൻ അതിന്റെ ഉള്ളടക്കത്തിലേക്കൊന്നും പോകുന്നില്ല. ഇവിടത്തെ നിയമങ്ങളനുസരിച്ച് പറയുന്നു-അത് പര്യാപ്തമാകുന്നില്ലെന്നാണല്ലോ ഇപ്പോൾ ലാ സെക്രട്ടറി പറഞ്ഞത്. മുഖ്യ മന്ത്രി പറഞ്ഞതെന്താണ്? ഇപ്പോൾ നിയമവകുപ്പുമന്ത്രി പറഞ്ഞില്ലേ? അദ്ദേഹം അവിടെയിരുന്ന് പറഞ്ഞുവെന്ന് അദ്ദേഹത്തിന്റെ ലിപ് മൂവ്മെന്റിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്. 165(1) അനുസരിച്ചാണ് അപ്പോയ്മെന്റുമെന്റ് എന്നു പറഞ്ഞപ്പോൾ അതാണ് പ്രശ്നമെന്ന് അങ്ങ് പറഞ്ഞു. കോൺസ്റ്റിറ്റ്യൂഷണലായിട്ട് ഗവർണർ അപ്പോയിന്റു ചെയ്യുന്ന ആളാണ് എ.ജി. എന്നുള്ളതാണ് ആർട്ടിക്കിൾ 165(1)-ൽ പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിപ്പുണ്ട്. അദ്ദേഹം പറഞ്ഞതെന്താണ്? കേരള ലോക ആയുക്ത 'ആക്ടിലെ സെക്ഷൻ 2(ഒ)-ലും 2 (എഫ്)-ലും അതിന്റെ പരിധിയിൽ ഇവർ വരുമെന്ന് അദ്ദേഹം പറഞ്ഞു. നമ്മുടെ മുഖ്യമന്ത്രി ഒരു നിയമപണ്ഡിതൻ അല്ലെന്ന് എനിക്കറിയാം. അദ്ദേഹം ഇത് പറയണമെങ്കിൽ നമ്മുടെ ലാ ഡിപ്പാർട്ടുമെന്റ് തന്നെ കൊടുത്ത ഉപദേശമല്ലേ അത്? അല്ലെങ്കിൽ ആരെങ്കിലും അദ്ദേഹത്തിന് കൊടുത്ത ഉപദേശമനുസരിച്ചേ അദ്ദേഹത്തിന് പറയാൻ കഴിയൂ. അപ്പോൾ അദ്ദേഹത്തിന് കിട്ടിയ നിയമോപദേശംവച്ച് അദ്ദേഹം ഒരു നിലപാടെടുത്തു. ആ സ്റ്റാന്റ് എടുത്ത മുഖ്യമന്ത്രിയെ വെള്ളത്തിലാക്കാൻവേണ്ടി വേറൊരു ലാ സെക്രട്ടറി ഇത് ബാധകമല്ലെന്ന് പറഞ്ഞാലോ? പിന്നെ ഏക 'പോംവഴിയെന്താണ്? നിയമസഭയുടെ മുകളിലൊന്നും കയറി ലാ സെക്രട്ടറി ഇരിക്കണ്ട. അങ്ങനെ വന്നാൽ നിയമസഭക്ക് അധികാരമുണ്ട്. അതാണ് ഞാൻ പറഞ്ഞത് 2(ഒ) യും 2(എഫ്)-ഉം കൊണ്ട് ഈ പറയുന്ന ആളുകൾ, അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെങ്കിൽ നിയമം ഭേദഗതി ചെയ്യണം. അഴിമതി ആര് നടത്തിയാലും കൂട്ടുനിൽക്കണ്ടല്ലോ. അതല്ലേ ഗവൺമെന്റിന്റെ പോളിസി? അതാണല്ലോ ഞാൻ ആദ്യം വായിച്ചുകേൾപ്പിച്ചത്. വീണ്ടും വായിക്കുന്നില്ല. 1999-ലെ നിയമത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിയമസഭയിൽപറഞ്ഞു, ഞങ്ങൾ അതിനെതിരായിട്ട് നിൽക്കുന്നവരാണെന്ന്. അതിനെ മുഖ്യമന്ത്രി അംഗീകരിക്കുന്നോ? നിങ്ങളുടെ പ്രഖ്യാപിത നയം നിങ്ങൾ ഇവിടെ പ്രഖ്യാപിച്ചു. ആ പ്രഖ്യാപനത്തിന് വിരുദ്ധമായി പോകുന്നു. ലോക് ആയുക്ത മുമ്പാകെ അഴിമതിയാരോപണമുണ്ടായി, ഒരു എ.ജി.ക്കെതിരെ അഴിമതി ആരോപണത്തിന് കേസ് ഫയൽ ചെയ്താൽ അവിടെ ലാ സെക്രട്ടറി പോയി ഡിഫന്റു ചെയ്യുന്നതെന്തിനാണ്? ഇൻവെസ്റ്റിഗേഷനല്ല അവിടെ നടക്കുന്നത്. തെളിവ് ശേഖരിക്കലല്ല. അതാണ് ക്വസ്റ്റ്യൻ. ആ ക്വസ്റ്റ്യൻ ഡിബേറ്റുചെയ്തുകൊണ്ടിരിക്കുകയാണ്. അതിന് നിയമവകുപ്പുമന്ത്രി ഒരു കാര്യംകൂടി ചെയ്തു. ഒരു സ്പെഷ്യൽ അറ്റോർണിയെകൂടി നിയമിച്ചുകൊടുത്തു. ആവശ്യമുണ്ടോ? അതല്ലെങ്കിൽ നിങ്ങൾ പറയണം. നിങ്ങൾ ഒറ്റ കാര്യം പറഞ്ഞാൽ മതി, "ഇവിടെ വരുന്ന അഴിമതിയെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് ഇഷ്ടമുള്ളതിനെ ഞങ്ങൾ ഡിഫന്റു ചെയ്യും" എന്ന്. നിങ്ങൾ പറഞ്ഞോ? എന്നാൽ ഞങ്ങൾ അംഗീകരിക്കാം. അതല്ല, അഴിമതിക്കെതിരെ നിങ്ങൾ സംസാരിക്കുന്നുവെങ്കിൽ ഒരൊറ്റ ചോദ്യം അങ്ങ് മറന്നുപോകാതെ മറുപടി പറയണം. സർക്കാരിന്റെ പോളിസിയെന്താണ്? ലോക് ആയുക്തയുടെ ഇപ്പോഴത്തെ മെയിൻ ക്വസ്റ്റ്യൻ ഇതാണ്? Whether AG will come under the purview of Public Servant'.

ലോക് ആയുക്തയുടെ മുമ്പാകെ ആർക്കെതിരായെങ്കിലും അഴിമതിയാരോപണം വന്നാൽ, നമ്മൾ പറഞ്ഞിട്ടുണ്ടല്ലോ വഴിയേ നടക്കുന്ന ജനങ്ങളെ അല്ലല്ലോ ഇതിനകത്ത് കൊണ്ടുവന്നിരിക്കുന്നത്. പൊതുപ്രവർത്തകർ, ഉദ്യോഗസ്ഥന്മാർ അങ്ങനെയുള്ള ആളുകളെ കൊണ്ടുവന്നിരിക്കുന്നു. അവർക്കെതിരെ വരുന്ന അഴിമതിയാരോപണങ്ങൾ അത് ആർക്കെതിരെ ഉണ്ടായാലും

LIBRARY ARCHIVES Kerala Legislative Assembly

അതിനെ ഡിഫന്റ് ചെയ്യുകയല്ല, അഴിമതിയാരോപണം കൊണ്ടുവന്ന ആളെ സഹായിക്കലാണ് വേണ്ടത്.

പണ്ടത്തെ നിയമത്തിൽ, പരാതി കൊടുത്ത ആളെ പ്രോസിക്യൂട്ട് ചെയ്യാൻ പ്രൊവിഷനുണ്ടായിരുന്നു. ഞങ്ങൾ അത് എടുത്തുകളഞ്ഞു. നല്ല കാര്യമാണ്. അതുകൊണ്ട് കൂടുതൽ ആൾക്കാർക്ക് വരാം. അങ്ങനെവരെ ഞങ്ങൾ ആഗ്രഹിക്കുമ്പോൾ അഴിമതി നടത്തിയെന്ന് അക്കമിട്ട്, ഇഷ്ടം പോലെ കാര്യങ്ങൾ പറഞ്ഞുകൊണ്ട് വന്നിരിക്കുന്ന ഒരു കേസിൽ ഇപ്പോഴത്തെ വാദം നടക്കുന്നത് ആ നിയമത്തിന്റെ പരിധിയിൽ എ.ജി. വരുമോ ഇല്ലയോ എന്നുള്ളത് സംബന്ധിച്ചാണ്. വളരെ മോശമായ സ്ഥിതിയാണ്. നമ്മുടെ സ്റ്റേറ്റ് ഗവൺമെന്റിന് മോശമാണ്. ലീഗൽ കസ്റ്റഡിനാണ്. എ.ജി. അതിന് ഡിഫന്റ് ചെയ്താൽ മനസ്സിലാക്കാം. എ.ജി. ക്ക് എതിരെ ആരോപണം വന്നു, എ.ജി. വക്കീലിനെ വച്ചാൽ, അദ്ദേഹം വക്കീലാണ്, അദ്ദേഹം തന്നെ ഡിഫന്റ് ചെയ്താൽ, മനസ്സിലാക്കാം. പക്ഷേ സർക്കാരിന്റെ ലാ സെക്രട്ടറി സർക്കാർ വക്കീലിനെ വച്ച് എന്തിന് എ.ജി. യുടെ കറപ്ഷനെ ഡിഫെന്റ് ചെയ്യണം? അതാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. എം. മാണി</u> : ഒരു ക്രൈം കേസാണെങ്കിൽ ക്രൈം ചെയ്യുന്നത് സ്റ്റേറ്റിന് എതിരായിട്ടാണ്. ആ ക്രൈം സ്റ്റേറ്റിന് എതിരാണ്. അതുകൊണ്ടാണ് സ്റ്റേറ്റ് ക്രൈം പ്രോസിക്യൂട്ട് ചെയ്യുന്നത്.

Corruption is also against the State. When it is committed, it is an offence against the state. Therefore the State has to prosecute. The State should not protect the accused.

<u>ശ്രീ. ടി.എം. ജേക്കബ്</u> : Here what happens is the state protects the accused.

അതാണുണ്ടായിരിക്കുന്നത്. അത് ഉണ്ടാകാൻ പാടില്ലയെന്നുള്ളത്.....

<u>ശ്രീ. പി. രാഘവൻ</u> : അത്ര നല്ല കേസുണ്ടെങ്കിൽ എന്തുകൊണ്ട് ഹൈക്കോടതിയിൽതന്നെ ഈ കേസ് വാദിച്ചുകൂടാ? ബഹുമാനപ്പെട്ട മാണിയും ബഹുമാനപ്പെട്ട ജേക്കബും അതുകൊണ്ട്..... ആ കേസ് അവിടെ നിൽക്കുകയല്ലേ. ഇവിടെ ആകെ ഒരു സെക്ഷനകത്തുള്ള മാറ്റമാണ് വരുന്നത്. ഇവിടെ വരേണ്ട പ്രശ്നമില്ലല്ലോ. അവിടെ നന്നായി വാദിച്ചാൽ ജയിക്കാമല്ലോ.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ശ്രീ.പി. രാഘവൻ ഒരു അഭിഭാഷകനാണ് അദ്ദേഹം കാര്യങ്ങൾ നന്നായിട്ട് ഗ്രഹിക്കാൻ കഴിയുന്ന ആളാണ്. അദ്ദേഹത്തെ എനിക്ക് വ്യക്തിപരമായിട്ട് അറിയാം. ഞാൻ ചോദിക്കട്ടെ, നമ്മൾ എന്തിനാണ് ഈ നിയമമുണ്ടാക്കിയത്? എന്റെ ചോദ്യം അവിടെയേയുള്ളൂ. നമ്മൾ ലോക് ആയുക്ത നിയമം ഉണ്ടാക്കിയത്, പഴയ നിയമം, 87-ലെ നിയമം നമ്മൾ മാറ്റിയത് അതിന്റെ പരിധിയിലേക്ക് എല്ലാവരെയും കൊണ്ടുവരാനാണ്. അത് നമ്മൾ കൊണ്ടുവന്നുവെന്ന സങ്കല്പത്തിലാണ് നമ്മുടെ നിയമസഭ പിരിഞ്ഞിരിക്കുന്നത്. അതുതന്നെയാണല്ലോ മുഖ്യമന്ത്രി തന്നിരിക്കുന്ന ഉറപ്പും. എന്നിട്ട് അതിന് വിരുദ്ധമായിട്ട് ലാ സെക്രട്ടറി പറയുന്നതാണ് നമ്മുടെ പോയിന്റ്. ഹൈക്കോടതിയിൽ പോകാമെന്നുള്ളത് സെപ്പറേറ്റ് ഇഷ്യൂ. അല്ലെങ്കിലും ഏതെങ്കിലും മജിസ്ട്രേറ്റ് കോടതിയിൽ പോകാൻ പാടില്ലേ, നമുക്ക് അറിഞ്ഞുകൂടേ? ഐ.പി.സി. പ്രകാരം ഏതെങ്കിലും മജിസ്ട്രേറ്റ് കോടതിയിൽ കേസുമായിട്ട് പോകാം. ഒരു വിഷമവുമില്ല. ഞാൻ അവസാനിപ്പിക്കുന്നു. ഒറ്റകാ

LIBRARY ARCHIVES Kerala Legislative Assembly

ര്യംകൂടി വായിച്ച് അവസാനിപ്പിക്കാം. ലാ സെക്രട്ടറിയുടെ സ്റ്റേറ്റ്മെന്റിൽ പറയുന്നതിതാണ്.

It is submitted that the post of Advocate General is not enumerated in Section 2(o) of the Act. Since the Advocate General is not a Government Servant as defined in Section 2(f) of the Act the Advocate General will not come within the definition of Public Servant as defined in Section 2(o) of the Kerala Lok Ayukta Act. Therefore the Lok Ayukta has no jurisdiction to entertain the complaint preferred against the Advocate General. In view of the above, the honourable Lok Ayukta may therefore be pleased to declare that the Advocate General is not a public servant within the meaning of Section 2(o) of the Kerala Lok Ayukta Act and as such the complaint is not maintainable. Therefore it is humbly submitted that the complaint is liable to be rejected at the stage itself with the exemplary cause of the State.

ഇത് വേണമോ വേണ്ടയോയെന്നുള്ളതാണ് നമുക്ക് അറിയേണ്ടത്. ഇതാണ് ഗവൺമെന്റിന്റെ സ്റ്റാന്റ് എങ്കിൽ നമ്മൾ സമ്മതിച്ചിരിക്കുന്നു. വേണ്ട പോട്ടെ. പിന്നെ നിങ്ങൾ അഴിമതിക്കെതിരെ സംസാരിക്കരുത്. ആ ഒറ്റ കാര്യമേ പറയാനുള്ളൂ. നിങ്ങൾ ഇവിടെ അക്കമിട്ട് നിരത്തി വച്ചിരിക്കുന്ന കേസുകളെ സംബന്ധിച്ച്, വിഷയങ്ങളെ സംബന്ധിച്ച് ഒരു അഭിഭാഷകനോ വ്യക്തിക്കോ ലോക് ആയുക്ത മുമ്പാകെ വാദിക്കാനുള്ള അവസരം ഡിനൈ ചെയ്താൽ അത് നീതി നിഷേധിക്കലാണ്. അതുകൊണ്ട് ഇന്നത്തെ സബ്ജക്ട് കമ്മിറ്റിയിൽവച്ച് നമുക്ക് ഡെഫനിഷൻ ക്ളോസിലെ 2(എഫ്) നും (ഒ) യ്ക്കും ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് കൊണ്ടുവരണം അല്ലെങ്കിൽ കറപ്ഷന് വ്യാഖ്യാനം കൊടുക്കണം. സെക്ഷൻ 22 മാത്രമല്ല മറ്റത് വികസിപ്പിക്കാനും സർക്കാരിന് എപ്പോൾ വേണമെങ്കിലും ആ കാര്യത്തിൽ ഈ നിലയിലുള്ള നിയമം റീഓപ്പൺ ചെയ്ത് അമെന്റ്മെന്റ് കൊണ്ടുവരാം. ആ പാരമ്പര്യം അംഗീകരിച്ചുകൊണ്ട് ഈ നിർദ്ദേശംകൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. പി.ജെ. ജോയി</u> : സർ, ബഹുമാനപ്പെട്ട ടി.എം. ജേക്കബ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. വളരെ കൊട്ടിഘോഷിച്ചാണ്. ഈ ലോക് ആയുക്ത ഉപലോക് ആയുക്ത നിയമം. നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്നത്. ദീർഘകാലം അഴിമതിക്കെതിരെ ഒരന്വേഷണംനടത്താൻ കഴിയുന്ന വേദികൾ ഇല്ലാതെ കിടന്ന സന്ദർഭത്തിൽ ഒട്ടേറെ വിമർശനങ്ങൾ വന്ന ശേഷമാണ് കേന്ദ്രഗവൺമെന്റ് ഒരു നിയമം കൊണ്ടുവരാൻ ശ്രമിച്ചു എന്നറിഞ്ഞപ്പോൾ നമ്മുടെ സംസ്ഥാന ഗവൺമെന്റും പുതിയ പേരിൽ ലോക് ആയുക്ത ഉപലോക് ആയുക്ത എന്ന നിയമം ഇവിടെ അവതരിപ്പിച്ചതും നടപ്പിലാക്കിയതും, ശ്രീ. ടി.എം. ജേക്കബ് ചൂണ്ടികാണിച്ചതുപോലെ ഇന്നത്തെ ഈ നിയമ നിർമ്മാണം ഒരു ഭേദഗതി മാത്രമാണ്. 6 മാസമെന്നുള്ളത് ഒന്നര വർഷമാക്കുന്നു. എന്തിനാ, ഒരാളുടെ സ്റ്റേറ്റ്മെന്റ് കൊടുക്കാൻ കാലാവധി നീട്ടുന്നത്? അതിന് പറഞ്ഞിരിക്കുന്ന കാരണം ഗവൺമെന്റിനു ഇതിന് വേണ്ടതായ ഫോം ഉണ്ടാക്കാൻ കഴിഞ്ഞില്ല. അതുപോലെ തന്നെ കോംപിറ്റന്റ് അതോറിറ്റി ആരാണെന്ന് നിജപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നാണ്. എന്തൊരു നാണക്കേടാണ് സർ? 1998 നവംബർ 15 മുതൽ 99 മേയ് 15 വരെയുള്ള 6 മാസക്കാലം ലഭിച്ചിട്ട് അതിന് കോംപീറ്റന്റ് അതോറിട്ടിയെ നിശ്ചയിക്കാൻ ഗവൺമെൻറിന് കഴിഞ്ഞില്ലെന്നു പറഞ്ഞാൽ ഇത് മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും രാജിവച്ച് പോകേണ്ട സംഭവമായി മാറിയിരിക്കുകയാണ്. ഇത് ഗവൺമെന്റിന് ഭൂഷണമാണോ? ഈ നിയമം ഇതുപോലെ കൊണ്ടുവരാൻ ഒരു ഗവൺമെന്റ് തുനിയുന്നത് നാണക്കേട് തന്നെയാണ്. ഇത് ആരെ രക്ഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനാണ്. ശ്രീ. ജി. സുധാകരൻ ഒരിക്കൽ ചോദിച്ചതുപോലെ ഏത് തമ്പുരാക്കന്മാരെ രക്ഷിക്കാനാണ് നിങ്ങൾ ഈ നിയമം ഇങ്ങനെ ഭേദഗതി ചെയ്യുന്നത്. ആർക്കും മനസ്സിലാക്കാൻ കഴിയാത്ത കാര്യമാണ്. സ്റ്റേറ്റ്മെന്റ് കൊടുക്കാനുള്ള ഫോം നൽകാൻ പറ്റുന്നില്ല. ഗവൺമെന്റ് തന്നെ കുറ്റം ഏറ്റെടുക്കുകയാണ്. കുറ്റക്കാരെ രക്ഷിക്കാനുള്ള വളരെ വ്യക്തമായ ഒരു നിലപാടാണ് ഈ നിയമഭേദഗതിയിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുന്നത്. ഇതുപോലെ ഒരു നിയമനിർമ്മാണം സംസ്ഥാന നിയമസഭയിൽ ഉണ്ടായതായി കാണാൻ കഴിഞ്ഞിട്ടില്ല. ഒരു നിയമത്തെ ധിക്കരിച്ച കുറ്റവാളികളെ രക്ഷിക്കാൻവേണ്ടിയുള്ള ഭേദഗതി! ലെജിസ്ലേഷന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു സംഭവമുണ്ടാകാൻ യാതൊരു ന്യായവുമില്ല. ആ നിലയിൽ ഇവിടെകൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതിയെ അംഗീകരിക്കാൻ പ്രായോഗികമായി കഴിയുകയില്ല. ഞങ്ങൾ മനസ്സിലാക്കുന്നത് ഇവിടെ ശ്രീ. ടി.എം. ജേക്കബ് ചൂണ്ടികാണിച്ചതുപോലെ ഈ എ.ജി.യെ തന്നെ രക്ഷിക്കാൻ വേണ്ടിയുള്ള ശ്രമമല്ലേ ഇതിനു പുറകിലുള്ളത്? എ.ജി.യെ രക്ഷിക്കുകയെന്നു പറഞ്ഞാൽ എ.ജി. യാണ് വലിയ തമ്പുരാൻ. ഈ എ.ജി. ആകുന്ന തമ്പുരാനെ രക്ഷിക്കണം. അതിനാണല്ലോ ഇവിടെ വളരെ വ്യക്തമായി മുഖ്യമന്ത്രിവരെ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായി ലാ സെക്രട്ടറി അഫിഡവിറ്റ് കൊടുത്തത്. എന്തിനുവേണ്ടി ഈ എ.ജി. യെ രക്ഷപ്പെടുത്തണം? എ.ജി വളരെ ഗുരുതരമായ കൃത്യവിലോപം കാണിച്ചിരിക്കുന്നു. എ.ജി. കാണിച്ചിരിക്കുന്ന കൃത്യവിലോപം വ്യക്തമായി മനസ്സിലാക്കിയിട്ടുള്ള നമ്മുടെ നിയമകാര്യമന്ത്രി എ.ജിയുടെ ആഫീസിൽ ക്രമക്കേട് കണ്ടില്ലെന്ന് നടക്കുകയാണോ? വളരെ പ്രധാനപ്പെട്ട കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതു വഴി അവിടെ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായി, ആക്ഷേപകരമായി പല കാര്യങ്ങളും ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അവിടെ ചെയ്യുന്ന ചില നടപടിക്രമങ്ങൾ ശരിയല്ലെന്ന് ലാ മിനിസ്റ്റർക്ക് അറിയാം. അദ്ദേഹം അത് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം. പക്ഷെ ചില ബാഹ്യശക്തികളുടെ ഇടപെടലോ മറ്റോ ഇതിനു പുറകിലുണ്ടെന്ന് ന്യായമായി സംശയിക്കേണ്ടിരിയിരിക്കുന്നു. 10 ലക്ഷത്തിൽ ശിഷ്ടം രൂപ അനുവദിച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കമ്പ്യൂട്ടറൈസേഷൻ നടത്താൻ നിശ്ചയിച്ചത്. ശ്രീ. കെ. ബാബുവിന്റെ ചോദ്യത്തിന് മറുപടിയായി നിയമസഭയിൽ തന്നിട്ടുള്ളത്. 10,87,508 രൂപ ഇതിനുവേണ്ടി അന്ന് കണക്കാക്കിയെന്നാണ്. അതിന് എ.ജി.യുടെ ആഫീസിൽതന്നെ ടെണ്ടർ വിളിച്ചു. അത് 16 ലക്ഷം രൂപയായി വർധിപ്പിക്കണമെന്ന് അന്ന് ആവശ്യപ്പെട്ടു. അതിനുശേഷം 20 ടെർമിനൽസ് സ്ഥാപിക്കണമെന്നു പറഞ്ഞത് പിന്നെ 30 ആക്കണമെന്നുള്ള എ.ജി. യുടെ താല്പര്യം അറിയിച്ചു. അതിനുവേണ്ടി 25 ലക്ഷം രൂപ അനുവദിക്കണമെന്നു പറഞ്ഞു, എസ്റ്റിമേറ്റ്സ് അയക്കണമെന്നു പറഞ്ഞു, അതിന് എസ്റ്റിമേറ്റ്സ് തയ്യാറാക്കി. പക്ഷെ ഇവിടെ ഗവൺമെന്റ് യാതൊരു അനുമതിയും കൊടുത്തിട്ടില്ല. ഗവൺമെന്റ് അനുമതി കൊടുക്കാതെ എ.ജി. കമ്പ്യൂട്ടേഷൻ ക്ഷണിച്ചു. അവിടെയാണ് വളരെ ഗുരുതരമായ പ്രശ്നം. ഗവൺമെന്റ് അനുമതി കൊടുത്തിട്ടില്ല. സ്റ്റോർ പർച്ചേസ് മാനുവൽ അനുസരിച്ച് മൂന്നുലക്ഷം രൂപയിൽ കൂടുതൽ തുകയ്ക്ക് എ.ജി.യ്ക്ക് ഇതുപോലെ കമ്പ്യൂട്ടേഷൻ ക്ഷണിക്കാൻ അവകാശമില്ല. സ്റ്റോർ പർച്ചേസ് മാനുവലിന്റെ വ്യവസ്ഥക്ക് വിരുദ്ധമായി എ.ജി. ഓഫീസിൽ പ്രവർത്തനങ്ങൾ നടന്നിരിക്കുകയാണ്.

<u>ശ്രീ. പി. രാഘവൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ, കോടതി മുമ്പാകെ നിൽക്കുന്ന കേസിന്റെ മെരിറ്റിലേക്ക് വന്നിട്ട് ഓരോ കാര്യങ്ങൾ വിശദമായി സംസാരിക്കുകയാണ്. അവിടെയാണ് വാദിക്കേണ്ടത്, നിയമസഭയിൽ, അങ്ങനെ. അത് സബ്ജുഡിസാണ്, ശരിക്കു പറഞ്ഞാൽ കോടതി മുമ്പാകെ നിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു കേസിലെ ..... ഒരു കേസു പറഞ്ഞാൽ നമുക്ക് മനസ്സിലാകും. ആ മെരിറ്റിലേക്ക് കയറി ഡീറ്റെയ്ൽസ് ഇത്തരത്തിൽ സംസാരിക്കുന്നത് ഓർഡറിലാണോ?

ശ്രീ. പി.ജെ. ജോയി : ബഹുമാനപ്പെട്ട ചെയർ ഞാൻ പറയുന്നതും കേൾക്കണം. ശ്രീ. കെ. ബാബുവിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുത്ത മറുപടിയാണ്. ഇതുകൂടി കേട്ടിട്ട് അങ്ങ് റൂളിങ്ങ് നടത്തിക്കൊള്ളൂ.

മി. ഡെ. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡറിന് മറുപടി പറയാൻ ചെയർ ബാദ്ധ്യസ്ഥനാണ് ..... ബഹളം .....

ശ്രീ. പി.ജെ. ജോയി : അങ്ങയുടെ റൂളിംഗിന് മുൻപ് ഞാൻ പറയുന്നതു കൂടി കേൾക്കണം. ഞാൻ പറഞ്ഞ കാര്യത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. രാഘവൻ ഇപ്പോൾ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് അങ്ങ് കേൾക്കണം. ഇവിടെ 13.12.1995, കഴിഞ്ഞ തിങ്കളാഴ്ച, മുഖ്യമന്ത്രി, ശ്രീ. കെ. ബാബുവിന്റെ ചോദ്യത്തിന് (നമ്പർ 91) കൊടുത്ത മറുപടിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് ഞാൻ പറഞ്ഞിട്ടുള്ളത്. 10,87,508 രൂപയ്ക്ക് അനുവദിച്ചതും അതിനുശേഷം എ.ജി.കാട്ടേഷൻ വിളിച്ചതും, കാട്ടേഷൻ വിളിച്ചിട്ട് ..... ബഹളം .....

Infinite Software Resources (India) Pvt. Ltd.-ന് 24 ലക്ഷം രൂപയ്ക്കുള്ള കാട്ടേഷൻ അംഗീകരിക്കുവാൻ ആലോചിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നത് ഈ ഉത്തരത്തിലാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്. വേണമെങ്കിൽ അത് ഞാൻ മേശപ്പുറത്തുവയ്ക്കാം. ഇനി അങ്ങേയ്ക്ക് റൂളിംഗ് പറയാം.

മി. ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട രാഘവൻ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിന് മറുപടി പറയാൻ ചെയർ ബാദ്ധ്യസ്ഥനാണ്. ഇവിടെ ആരോപണങ്ങളൊന്നും എഴുതിക്കൊടുത്തിട്ടില്ല. പ്രത്യേകിച്ച് Advocate General is a Constitutional Auhtority. നിയമസഭയിൽ കിട്ടിയ മറുപടി കാട്ട് ചെയ്തു കൊണ്ട് സംസാരിച്ചതാണ്. ആരോപണ സ്വഭാവമുള്ളതാണെങ്കിൽ അത് റിക്കാർഡിൽനിന്നും പരിശോധിച്ച് നീക്കം ചെയ്യാം.

ശ്രീ. പി.ജെ. ജോയി : എന്നാലും ഏറ്റവും കൂടിയ ടെണ്ടർ ആണ് അംഗീകരിക്കുവാൻ പോകുന്നത്, അതാണ് ഇതിനകത്ത് പറഞ്ഞിരിക്കുന്നത്. ഞാൻ വായിക്കാം. ആ നിലയിൽ ഇവിടെ ഉത്തരത്തിൽ തന്നിരിക്കുകയാണ്. ഇതിൽ 1,2,6,7,8,10 എന്നീ ക്രമനമ്പറുകളിൽ സമർപ്പിച്ച ടെണ്ടറുകൾ സ്വീകരിക്കുവാൻ പറ്റാതെവന്നു, ചെറിയ തുകയാണ്, മറ്റുള്ളവയിൽ അഡ്വക്കേറ്റ് ജനറലിന്റെ ജോലിയുടെ പ്രത്യേകതയും കാര്യക്ഷമതയും കണക്കിലെടുത്ത് ഏറ്റവും അനുയോജ്യമായി കണ്ടത് Infinite Software Resources (India) Private Limited-ന്റെ ടെണ്ടർ ആണ്, അത് 24 ലക്ഷം രൂപയുടേതാണ്, ഏറ്റവും വലുതാണ്, അതാണ് കാര്യം. അത് സ്വീകരിക്കുകയുണ്ടായി, തന്നിരിക്കുന്ന മറുപടി, മറ്റുള്ളതൊക്കെ തള്ളി, കെൽട്രോൺ അടക്കം ഈ ഉത്തരത്തിലുള്ളതാണ്, അല്ലാതെ മറ്റു തരത്തിലുള്ള കാര്യങ്ങളല്ല. കെൽട്രോൺ അടക്കം തള്ളിക്കളഞ്ഞു. 24 ലക്ഷം രൂപയുടെ ഏറ്റവും വലിയ ടെണ്ടർ അംഗീകരിച്ചു. ഇത് ലോക് ആയുക്തിൽ പോകും, അദ്ദേഹത്തിനെ അതിൽ കക്ഷിചേർത്താൽ ലോക് ആയുക്തിൽ പോകും, ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ അങ്ങേയ്ക്കറിയാമല്ലോ സ്റ്റോർ പർചേസ് വ്യവസ്ഥയെക്കുറിച്ച്, അതിന്റെ മാനുവലിൽ പറഞ്ഞിരിക്കുന്ന കാര്യം. മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ എ.ജി.യ്ക്ക് സുവോമോട്ടോ ടെണ്ടർ ചെയ്യാൻ നിവൃത്തിയില്ല അല്ലെങ്കിൽ കാട്ടേഷൻ ക്ഷണിക്കാൻ നിവൃത്തിയില്ല. പക്ഷേ ഇവിടെ 25 ലക്ഷം രൂപയ്ക്കുവരുന്ന ഓക്ഷൻ നടത്തിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു അല്ലെങ്കിൽ കവട്ടേഷൻ ക്ഷണിച്ചിരിക്കുന്നു. ഗവൺമെന്റ് സാംഗ്ഷൻ ഇല്ലെന്ന് അങ്ങേയ്ക്കറിയാമല്ലോ? ഗവൺമെന്റിന്റെ സാംഗ്ഷൻ ഇല്ലാതെ ചെയ്തത് ശരിയല്ലെന്ന് മുഖ്യമന്ത്രിക്ക് അറിയാമല്ലോ? ഇത് പറയാൻ പാടില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ്? ആ നിലയിൽ വളരെ ഗുരുതരമായ വീഴ്ച സംഭവിച്ചതുകൊണ്ട് ഈ എ.ജി.യെ ഇതിനകത്ത് ഉൾപ്പെടുത്തിയാൽ ലോകായുക്തയിൽ ആദ്യം വിസ്തരിക്കപ്പെടുന്നത് അദ്ദേഹത്തെയായിരിക്കും എന്ന് അറിഞ്ഞുകൊണ്ട് മനഃപൂർവ്വം അദ്ദേഹത്തെ ഒഴിവാക്കാൻ അല്ലെങ്കിൽ ഈ പ്രശ്നങ്ങളൊക്കെ തീർത്തതിനുശേഷം കുറച്ചുകൂടി കാലാവധി നീട്ടിക്കൊടുത്ത് ആ നിലയിൽ ആക്കാനുള്ള ശ്രമമല്ലേ ഈ കാലാവധി നീട്ടലിന്റെ പുറകിലുള്ളതെന്ന് ഞങ്ങൾ സംശയിക്കുന്നു.

<u>ശ്രീ. കെ. ബാബു</u> : ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിനെ മുഖ്യമന്ത്രിയും അതുപോലെ പ്രോസിക്യൂഷൻ ഡയറക്ടർ കല്ലട സുകുമാരനെ അച്യുതാനന്ദനുമാണ് സ്പോൺസർ ചെയ്യുന്നതെന്നും ഇവർ തമ്മിലുള്ള അധികാരതർക്കം, തമ്മിലുള്ള കേസ്സ് വാദിക്കുവാൻ സുപ്രീംകോടതിയിൽനിന്നും കേരള ചരിത്രത്തിൽ ആദ്യമായി വക്കീലൻമാർ വന്നു. ഇവർ തമ്മിലുള്ള തർക്കത്തെക്കുറിച്ചു വാദിക്കുവാൻ വക്കീലൻമാർ വന്നുവെന്ന് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. പി.ജെ. ജോയി</u> : അധികാരത്തർക്കം തീർക്കാൻ വേണ്ടി അല്ലെങ്കിൽ വാദിച്ചു ജയിക്കാൻ വേണ്ടിയാണ് വക്കീലൻമാരെ കൊണ്ടുവന്നത്. ഇത് പത്രത്തിൽ വന്നതല്ലേ? ഇദ്ദേഹത്തിന്റെ കാര്യങ്ങൾ ഒതുക്കിതീർത്തതിനുശേഷം കാലാവധി നീട്ടിക്കൊടുത്താൽ-സ്റ്റേറ്റ്മെന്റ് അദ്ദേഹത്തിനടക്കം- എല്ലാ കാര്യങ്ങളും തീർക്കുന്നതിനുവേണ്ടി നീട്ടിക്കൊടുത്തതാണോ? അല്ലെങ്കിൽ വേറെ ഏതെങ്കിലും തമ്പുരാക്കൻമാരെ രക്ഷപ്പെടുത്താൻ വേണ്ടിയാണോ, വല്ല പുതുപ്പണക്കാരെ രക്ഷപ്പെടുത്താൻ വേണ്ടിയാണോ എന്തിനുവേണ്ടിയാണ് ഈ ഒന്നരക്കൊല്ലം കാലാവധി ഇതിനുവേണ്ടി നീട്ടുന്നത്? അതിനുശേഷം നിയമസഭ നടന്നു, നിയമസഭ നടന്ന സന്ദർഭങ്ങളിലൊക്കെ ഇതിനുവേണ്ടി നിയമം കൊണ്ടുവരാമായിരുന്നു, അന്ന് കൊണ്ടുവന്നില്ല, ഓർഡിനൻസ് കൊണ്ടുവന്നു, ആ നിലയിൽ മുന്നോട്ടു പോകുന്നത് എന്തോ ഗൂഢലക്ഷ്യത്തോടെയാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ പറയുന്നത്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ തമ്പാനൂർ രവി</u> : സർ, 1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.3.2000 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

ഈ കേരള നിയമസഭ ഒരുപാട് നിയമനിർമ്മാണം നടത്തിയ സഭയാണ്. ഇന്ത്യയ്ക്ക് ആകെ മാതൃകയായി ഒരുപാട് നിയമനിർമ്മാണങ്ങൾ നടത്തിയ ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ ഒരു ബിൽ ചർച്ച ചെയ്യാൻ വന്നിരിക്കുന്നത്. ഇവിടെ കഴിഞ്ഞവർഷം ഡിസംബറിൽ ശ്രീ. ജോയി പറഞ്ഞതുപോലെ കൊട്ടും കുരവയുമായി ലോകായുക്ത ഉദ്ഘാടനം ചെയ്യപ്പെട്ടു, എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുതന്നെ പഴവങ്ങാടി മൈതാനത്തിൽ വലിയ യോഗം നടത്തി മുഖ്യമന്ത്രി പ്രഖ്യാപിച്ചു, "അഴിമതിരഹിതമായ നല്ല സർക്കാർ ആയിരിക്കും ഞങ്ങളുടെ സർക്കാർ എന്ന്. അഴിമതി രഹിതമായ ഒരു ഭരണം ഇവിടെ കാഴ്ചവയ്ക്കുവാൻ വേണ്ടി, പബ്ലിക് സർവ്വന്റിന്റെ നിർവചനത്തിൽ വരുന്ന ഒരാളും അഴിമതി ചെയ്യാതിരിക്കുവാൻ വേണ്ടിയാണ് ലോക് ആയുക്ത നിയമം ഞങ്ങൾ പാസ്സാക്കിയത്. ഇത് ഞങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുടെ ഭരണത്തിൽ ഒരു തൂവൽ കൂടിയാണെന്ന് ഇവിടെ പറയുകയുണ്ടായി. നിയമം പാസ്സായിട്ട് ഒന്നരവർഷം കഴിഞ്ഞു, ഇനി എന്താണ് ഭേദഗതി? വീണ്ടും പറയുന്നത് ആറ് മാസത്തേയ്ക്കുകൂടി എക്സ്റ്റന്റ് ചെയ്യണമെന്നാണ്. മുഖ്യമന്ത്രി ഉൾപ്പെടെ പബ്ലിക് സർവ്വന്റിന്റെ നിർവചനത്തിൽ വരുന്നു. ഇവിടെ ആരുടെയെങ്കിലും പേരിൽ അഴിമതി ആരോപണം ഉന്നയിച്ചാൽ അത് അന്വേഷിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഡെമോക്രസിയിലെ check and counter എന്നുവച്ചാൽ വളരെ പ്രധാനപ്പെട്ടതാണ്, അക്കൗണ്ടബിലിറ്റി വളരെ പ്രധാനമാണ്. അക്കൗണ്ടബിലിറ്റി വളരെ പ്രധാനമായ ഡെമോക്രസിയിൽ, അന്ന് ഞങ്ങൾ പ്രതിപക്ഷത്താണെങ്കിലും ഇതൊരു നല്ല നിയമമല്ലേ, ഞങ്ങളൊക്കെ അന്ന് പിന്തുണച്ച ആളുകളാണ്.

പബ്ലിക് സർവെന്റ് എന്ന നിർവചനത്തിൽ ആരൊക്കെ വരും എന്നു കണ്ടുപിടിക്കുന്ന കാര്യത്തിലും അവരുടെ കോംപീറ്റെന്റ് അതോറിറ്റി ആരാണെന്നു നിശ്ചയിക്കുന്ന കാര്യത്തിലും ഗവൺമെന്റ് പരാജയപ്പെട്ടു. കോംപീറ്റെന്റ് അതോറിറ്റിയെ കൊടുക്കേണ്ടത് സ്റ്റേറ്റല്ലേ? അതിൽ ഗവൺമെന്റ് പരാജയപ്പെട്ടതുകൊണ്ട്, കുറ്റം സമ്മതിച്ചതുകൊണ്ടാണ് ബഹുമാന്യനായ നിയമമന്ത്രി മുഖ്യമന്ത്രിക്കുവേണ്ടി ഇവിടെ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഭേദഗതി ഇങ്ങനെയല്ല, ഈ ജോലിയെല്ലാം പ്രിയപ്പെട്ട നമ്മുടെ ലാ മിനിസ്റ്റർ ചെയ്യേണ്ടി വന്നല്ലോ എന്നുള്ളതാണ് കഷ്ടം. ഇവിടെ വരേണ്ട ഭേദഗതി ഞങ്ങളുടെ ഈ ഗവൺമെന്റ് അധികാരം ഒഴിഞ്ഞു പോകുന്നതുവരെ ഈ നിയമം കേരളത്തിൽ നടപ്പിലാക്കില്ല എന്ന ഭേദഗതിയാണ്! അങ്ങ് ദയവായി ഇവിടെ അവതരിപ്പിക്കേണ്ടത്. ഇതു നടപ്പിലാക്കണമെങ്കിൽ വേറെ ആണുങ്ങൾ ഇവിടെ മുഖ്യമന്ത്രിയായിട്ടു വരണം. ഉള്ള സത്യം ഞാൻ പറയാം. നിങ്ങൾക്ക് യാതൊരു ആത്മാർത്ഥതയുമില്ല. വാക്കിലും പ്രവൃത്തിയിലും യാതൊരു ആത്മാർത്ഥതയുമില്ല. എന്തൊരു പ്രസംഗമാണ്. അഴിമതി രഹിതൻമാർ, അഴിമതി വിരുദ്ധൻമാർ, അതിനുവേണ്ടി ഓടിനടക്കുന്നവർ. ആരെങ്കിലും നിയമസഭയ്ക്കു പുറത്തു പ്രസംഗിച്ചാൽ ഉടൻ വിജിലൻസ് കേസ്സാണ്. റോഡേ ഓടുന്ന മുഴുവൻപേർക്കും വിജിലൻസ് കേസ്സാണ്. പാവപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻമാർ. ഞാൻ പഞ്ചിംഗിന് എതിരൊന്നുമല്ല. സർക്കാർ ഓഫീസിൽ ഹാജർ രേഖപ്പെടുത്താൻ മുഖ്യമന്ത്രിയുടെ വിജിലൻസാണ്. വിജിലൻസുകാർക്ക് വേറെ ജോലിയില്ലേ? ഞാൻ പറയുന്നത്, ആടിന്റേയും പട്ടിയുടേയും സർക്കാർ ഉദ്യോഗസ്ഥൻമാരുടേയും പിറകെ നടക്കുന്നു വിജിലൻസ്. Accountability-Check and counter check of democracy അതിനുവേണ്ടി ഒരു നല്ല നിയമം പാസ്സാക്കിയിട്ട് ഒന്നര വർഷമായി. ഇന്ന് കൊണ്ടുവന്നിരിക്കുന്നത് 6 മാസത്തേയ്ക്ക് വീണ്ടും എക്സ്റ്റന്റ് ചെയ്യണം. എന്തിനുവേണ്ടി? കോംപീറ്റെന്റ് അതോറിറ്റി ആര് എന്ന് നിശ്ചയിക്കാനുള്ള കാലതാമസം. നാണമില്ലേ? ഇന്ത്യയ്ക്കു മാതൃകയായ ഈ നിയമസഭ ഒരുപാട് നിയമനിർമ്മാണം നടത്തിയ നിയമസഭയാണ്. നിങ്ങൾക്ക് വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല. രാഷ്ട്രിയമായ ഒരു പ്രചരണത്തിനുവേണ്ടിയാണിത്..... ഇച്ഛാശക്തിയില്ലാത്ത ഒരു ഗവൺമെന്റാണ്. നിങ്ങൾ പറയുന്നതൊന്ന്, പ്രവർത്തിക്കുന്നതൊന്ന്. ഞാൻ വേറൊരു ചോദ്യം ചോദിക്കട്ടെ. ഇവിടെ ഒരു ലോകായുക്തും രണ്ട് ഉപലോകായുക്തും ആണ്. പെറ്റീഷൻസ് വന്നാൽ ഉപലോകായുക്ത് പരിശോധിച്ചിട്ട് ഗൗരവമായ കേസ്സുകൾ ലോകായുക്തിനു കൊടുക്കുന്നു. അവർക്ക് സ്റ്റാഫ് കൊടുക്കണ്ടെ? അവർക്ക് സൗകര്യങ്ങൾ കൊടുക്കണ്ടെ? കൊടുത്തിട്ടുണ്ടോ? എന്താണ് സ്ഥിതി? ഇവിടെ വേണ്ടത് ഒരു ഐ.ജി., ഒരു ഡെപ്യൂട്ടി ഐ.ജി., ഒരു എസ്.പി., രണ്ട് സർക്കിൾ ഇൻസ്പെക്ടർ. എത്ര ഉദ്യോഗസ്ഥരുണ്ട്? ബഹുമാനപ്പെട്ട നിയമമന്ത്രി മറുപടി പറയുമ്പോൾ ലോകായുക്തിനുവേണ്ട സ്റ്റാഫിനെ കൊടുത്തിട്ടുണ്ടോ, എത്ര സ്റ്റാഫ് നിലവിലുണ്ട് എന്ന് അങ്ങിവിടെ പ്രഖ്യാപിക്കണം. അതോടൊപ്പം രജിസ്ട്രാർ,

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി രജിസ്ട്രാറുടെ കാലാവധി കഴിഞ്ഞുപോയി. ഇപ്പോൾ ഒരു .അസി സ്റ്റന്റ് രജിസ്ട്രാർക്കാണ് ചാർജ്ജ്. സ്റ്റാഫിനെ കൊടുക്കാതെ, ആവശ്യമുള്ള .ഉദ്യോഗസ്ഥൻമാരെ പോസ്റ്റ് ചെയ്യാതെ ഈ ലോകായുക്ത നിയമം വെറുതെ പുകമറ സൃഷ്ടിച്ചുകൊണ്ട്, നടപ്പിലാക്കാതിരിക്കാനുള്ള ശ്രമമാണ് നിങ്ങൾ നടത്തുന്നത്. നിങ്ങൾക്ക് ആത്മാർത്ഥതയില്ല. വർത്തമാനം മാത്രമുള്ള തുകൊണ്ട് കാര്യമില്ല.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ലോകായുക്തിനും ഉപലോകാ യുക്തിനും സ്റ്റാഫിനെപ്പോലും കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറല്ല എന്ന് അങ്ങ് സൂചിപ്പിച്ചു. ആവശ്യമുള്ള സ്റ്റാഫിനെ തെരഞ്ഞുപിടിച്ച് കിട്ടിയാലല്ലേ കൊടുക്കൂ. ആലപ്പുഴ ജില്ലയിൽ 4 ആഴ്ചയായി കളക്ടറില്ല. സി.പി.ഐ.യും, സി.പി.എം.ഉം തമ്മിലുള്ള തർക്കംകൊണ്ട് കളക്ടറെ നിയമിക്കാൻപോലും പറ്റിയിട്ടില്ല. അവർക്ക് നല്ലത് എന്നുതോന്നുന്ന ആളെ തെരഞ്ഞുപിടിച്ചാലേ നിയമിക്കൂ എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. തമ്പാനൂർ രവി : ആലപ്പുഴ കളക്ടർ എന്നല്ല സർക്കാരിലെ 7 വകുപ്പിൽ 7 വേക്കൻസി വന്നു. ഒരുപാട് വേക്കൻസി ഫിൽ ചെയ്യാനുണ്ട്. അവിടെയൊക്കെ എന്റെ സ്വന്തം പിള്ളയെ കാത്തിരിക്കുകയാണ്. എല്ലാ വകു പ്പിലും അങ്ങനെയാണ്. ഇവിടെ പാവപ്പെട്ട ചന്ദ്രശേഖരൻ നായർ ..... ശ്രീ. കെ.ഇ. ഇസ്മയിൽ ഇവിടെയില്ല. രണ്ടാമത്തെ വിലയ പാർട്ടി.

ശ്രീ. പി.ജെ. ജോയി : സർ, വളരെ ധൃതിപിടിച്ച് ഉണ്ടാക്കിയ പയ്യാവൂർ മോഡൽ കൂറുമാറ്റ നിയമത്തിന് ഇന്നുവരെ റൂൾസ് ഉണ്ടാക്കിയിട്ടില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തമ്പാനൂർ രവി : അവർക്ക് ആവശ്യമുള്ള കാര്യത്തിൽ റൂൾസുണ്ടാ ക്കാൻ മണിക്കൂറുകൾ മതി. അതെല്ലാം അവധി കൊടുത്തിരിക്കുകയാണ്. 5 കൊല്ലം കഴിഞ്ഞിട്ടാണ്. ഇനി ഒന്നരക്കൊല്ലമുണ്ട്. അതുകഴിഞ്ഞിട്ടേ വരൂ. അതൊക്കെ ചെയ്യാൻ വേറെ ഗവൺമെന്റ് വരണം. അഴിമതി നിരോധനമാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ, പബ്ലിക് സെർവന്റ് ചെയ്യുന്ന തെറ്റുകളും കുറ്റങ്ങളും കണ്ടുപിടിച്ച് ശിക്ഷിക്കലാണ് നിങ്ങളുടെ നയമെങ്കിൽ ഈ ലോകായുക്തിനെ ഇങ്ങനെ ഞെക്കിക്കൊല്ലരുത്. പ്രസംഗിച്ചാൽ മാത്രം പോരാ. ഓരോ കാര്യ ത്തിനും എന്തൊരു പ്രസംഗമാണ്. ഈ സഭയിൽ ശക്തമായി ഡിഫെന്റ് ചെയ്യുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ടല്ലോ. ഒരക്ഷരം മിണ്ടു ന്നില്ലല്ലോ. പാവം രാഘവന്റെ കേസ്സ് വളരെ വീക്കാണ്. അങ്ങ് മാത്രമേ ഡിഫെന്റ് ചെയ്യുന്നുള്ളൂ. ഞങ്ങൾക്കറിയാം. കല്ലട സുകുമാരനെ പിന്തുണയ്ക്കുന്നത് ശ്രീ. അച്യുതാനന്ദനാണെന്നും എ.ജി.യെ പിന്തുണയ്ക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിയാണെന്നും ഞാൻ പറയുന്നില്ല. ഒരു കാര്യം മനസ്സിലായി. രാഘവന്റെ കേസ്സ് വളരെ വീക്കാണ്. മൊത്തത്തിൽ ഈ കേസ്സ് വളരെ വീക്കാണ്. അഴിമതിരഹിതം എന്നു പ്രസംഗിക്കുന്ന നിങ്ങൾ ..... സർ, എന്നോട് ക്ഷമിക്കണം. ഈ കേരള ത്തിലെ ഭരണസിരാകേന്ദ്രം ഏതാണ്? ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നത് ഗവൺമെന്റ് സെക്രട്ടേറിയറ്റ് എന്നാണ്. ഇവിടെ ഭരിക്കുന്നത് ആരാണ്? എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണൽ സെന്റേഴ്സ്. ബാഹ്യഭരണഘടനാ ബിന്ദുക്ക ളല്ലേ ഈ ഗവൺമെന്റ് ഭരിക്കുന്നത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ധനകാര്യ മന്ത്രി എന്തിനോ മറുപടി പറഞ്ഞില്ല എന്നുപറഞ്ഞു. ചോദ്യം എന്താണെന്നു മനസ്സിലായില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. തമ്പാനൂർ രവി</u> : അങ്ങ് ഈ ഗവൺമെന്റിനുവേണ്ടി ഫ്രണ്ട് ബഞ്ചിൽ, ട്രഷറി ബഞ്ചിൽ എല്ലാ കാര്യത്തിലും അവസരത്തിലും അനവസരത്തിലും ശക്തമായി വാദിക്കുന്ന ഒരാളാണ്. അങ്ങയോട് ഞാൻ ചോദിക്കുന്നു, അഴിമതി നിരോധനം നിങ്ങളുടെ ലക്ഷ്യമാണല്ലോ; അങ്ങ് എപ്പോഴും പറയും ഞങ്ങൾ ശക്തമായി നടപടിയെടുക്കും എന്ന്. എന്റെ ചോദ്യം, ഈ ലോകായുക്ത ഇവിടെ എന്തിനാണ് കൊണ്ടുവന്നത്? അഴിമതി ഇല്ലാതാക്കാനല്ലേ? പൊതുരംഗത്ത് അക്കൗണ്ടബിലിറ്റിവേണ്ടേ? ഒന്നരക്കൊല്ലം കഴിഞ്ഞു. നടപ്പിലായില്ല. നിങ്ങളുടെ വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല. അന്നന്നുള്ള കാര്യങ്ങൾ നടത്താൻവേണ്ടി ശക്തമായി വാദിക്കുന്നതല്ലാതെ ഒരു ന്യായവും നിങ്ങളുടെ ഒരു പ്രവൃത്തിയിലുമില്ല എന്നുപറയാൻവേണ്ടി ഞാൻ അങ്ങയോട് ചോദിച്ചതാണ്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അഴിമതി നിരോധനത്തിനുവേണ്ടി ഫലപ്രദമായ ഒരു സ്റ്റാറ്റ്യൂട്ട് അസംബ്ലിയിൽ ഉണ്ടാക്കിയത് ആദ്യം എപ്പോഴാണെന്നു പറയൂ?

<u>ശ്രീ. തമ്പാനൂർ രവി</u> : ഏട്ടിലെ പശു പുല്ലു തിന്നില്ല. ഏട്ടിലെ പശു പുല്ലു തിന്നുമോ? നിങ്ങൾ ഇതുണ്ടാക്കിയിട്ടു കാര്യമുണ്ടോ? നടപ്പിലാക്കണ്ടേ? എന്റെ ചോദ്യം, ഇവിടെ ആരാണ് ഭരിക്കുന്നത്? ഇത് സെക്രട്ടേറിയറ്റ്. ഇവിടെ ബാഹ്യഭരണഘടനാ ബിന്ദുക്കൾ, എക്സ്ട്രാ കോൺസ്റ്റിറ്റ്യൂഷണൽ സെന്റേഴ്സ് അല്ലേ കേരളം ഭരിക്കുന്നത്? ഇവിടെ എത്ര മുഖ്യമന്ത്രിയാണ്? നിയമസഭയിൽ മറുപടി പറയുന്ന മുഖ്യമന്ത്രി സഖാവ് ഇ.കെ. നായനാർ ആണ്. പക്ഷെ കേരളത്തിൽ രണ്ട് മുഖ്യമന്ത്രിയാണ്. ക്യാബിനറ്റ് ബ്രീഫിംഗ് സാധാരണ .....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് പറയുന്നത് de facto മുഖ്യമന്ത്രിയും de juro മുഖ്യമന്ത്രിയും – അങ്ങനെ നിയമപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു മുഖ്യമന്ത്രിയും പ്രാക്ടിക്കലായി ചെയ്യുന്ന വേറൊരു മുഖ്യമന്ത്രിയും. അങ്ങനെ രണ്ട് മുഖ്യമന്ത്രിമാരുണ്ടെന്നുതന്നെയല്ലേ അങ്ങ് പറയുന്നത്?

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, നിയമപരമായി ഒപ്പിടാൻ ഒരു മുഖ്യമന്ത്രി. ഭരിക്കാൻ മറ്റൊരു മുഖ്യമന്ത്രി. ഞാൻ ചോദിക്കുന്നത്, ക്യാബിനറ്റ് ബ്രീഫിങ് ആരാണ് നടത്തേണ്ടത്? ക്യാബിനറ്റ് കൂടിയാൽ ക്യാബിനറ്റ് ബ്രീഫിങ് ആരാണ്. അതിന് ശ്രീ. ടി. ശിവദാസമേനോന്റെ വകുപ്പിന്റെ കാര്യമുണ്ടെങ്കിൽ അദ്ദേഹത്തെ വിളിച്ചുവരുത്തും. ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ വകുപ്പുണ്ടെങ്കിൽ അദ്ദേഹത്തെക്കൂടി ഇരുത്തും. ഇതാണല്ലോ ഇവിടത്തെ കൺവെൻഷൻ. ഇവിടെ ക്യാബിനറ്റ് നാളെ കൂടും എങ്കിൽ, അതായത് ബുധനാഴ്ച ക്യാബിനറ്റ് ഉണ്ടാകുമെങ്കിൽ ചൊവ്വാഴ്ച എൽ.ഡി.എഫിന്റെ കമ്മിറ്റി കൂടിയിട്ട് എൽ.ഡി.എഫിലെ ശ്രീ. വി.എസ്. അച്യുതാനന്ദൻ ബുധനാഴ്ച നടക്കുന്ന എല്ലാ തീരുമാനങ്ങളും ചൊവ്വാഴ്ച പത്രങ്ങളിൽ ബ്രീഫ് ചെയ്യും. അവിടെയാണ് എന്റെ ചോദ്യം, അങ്ങാണോ, കേരളത്തിലെ മുഖ്യമന്ത്രി.....

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. Council of Ministers is a Constitutional entity. കോൺസ്റ്റിറ്റ്യൂഷണൽ എന്റിറ്റി തലേദിവസം വേറെ കൂടി തീരുമാനം എടുക്കുന്നു, ക്യാബിനറ്റ് മിനിറ്റ്സ് മുഴുവൻ സീക്രട്ടാണ്. ക്യാബിനറ്റിന്റെ അജണ്ട സീക്രട്ടാണ്. Cabinet Council is in camera. എന്നിട്ട് ഞങ്ങളത് പുറത്തറിയിക്കുന്നു എന്നുപറയുന്നത് ..... He has to prove it. എന്തെങ്കിലും അനാവശ്യം വിളിച്ചുപറയുകയാണോ? അസംബ്ലിയായതുകൊണ്ട് എന്തും കയറി പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : ഞാൻ പറഞ്ഞുവന്നത്, കുറെ നാളുകളായി നയ പരമായി ക്യാബിനറ്റെടുക്കുന്ന തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നതിന്റെ തലേദി വസം പല കാര്യങ്ങളും അച്യുതാനന്ദൻ പത്രസമ്മേളനം നടത്തി പ്രഖ്യാപിച്ചി ട്ടുണ്ട്. അത് അതേപടി വെർബാറ്റിം-ആയിവരും. ക്യാബിനറ്റ് ബ്രീഫിംഗിൽ മുഖ്യമന്ത്രി പറഞ്ഞതായി ധാരാളം ഉദാഹരണമുണ്ട്. സമയക്കുറവ്കൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. ടി. ശിവദാസമേനോൻ : സർ, നയപരമായ കാര്യങ്ങളിൽ ഈ ഗവൺമെന്റ് എന്താണ് ചെയ്യേണ്ടത് എന്നുള്ളത് നയപരമായി, ഞങ്ങളുടെ പൊളിറ്റിക്കൽ ഡിസിഷൻസ്, എന്താണ് തീരുമാനിക്കുന്നത്, ഞങ്ങളുടെ കോയലേഷൻ പാർട്ടികൾ സംയുക്തമായി തന്നെയാണ്. ഞങ്ങൾക്ക് അതിൽ അഭിമാനമുണ്ട്.

ശ്രീ. തമ്പാനൂർ രവി : ഇപ്പോൾ വളരെ ക്ലിയറായി. രണ്ടു മുഖ്യമന്ത്രിമാ രാണ്. അച്യുതാനന്ദൻ പറയുന്നതിനപ്പുറത്ത് സഖാവ് ഇ.കെ. നായനാർക്ക് അനങ്ങാൻ പറ്റില്ല.

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. തമ്പാ നൂർ രവി ഈ കേസ്സുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ചുനിർത്തിയ കാല ത്തിന് ഇപ്പോൾ ഒരു ഗ്യാപ്പ് വന്നിട്ടുണ്ട്. ആ ഗ്യാപ്പ് പറയാൻ വേണ്ടിയാണ്. അന്ന് കേരളത്തിനു രണ്ടു മുഖ്യമന്ത്രി എന്നുപറയുമ്പോൾ ശ്രീ. വി.എസ്. അച്യുതാനന്ദൻ എന്നാണ്. അന്നുണ്ടായിരുന്നത് വി.എസ്. അച്യുതാനന്ദന്റെ സ്ഥിതി ഇന്ന് പഴയതുപോലെയല്ല. മാർക്സിസ്റ്റ് നേതാവ് അല്ല എന്നും അദ്ദേ ഹത്തിന് പഴയതുപോലെ defacto ചീഫ്. മിനിസ്റ്ററുടെ സ്ഥാനമില്ല എന്നുമുള്ള കാര്യവും ബഹുമാനപ്പെട്ട തമ്പാനൂർ രവി ശ്രദ്ധിച്ചിട്ടില്ലേ?

ശ്രീ. തമ്പാനൂർ രവി : ഹരിപ്പാട് സംഭവത്തിൽ ചവിട്ടിക്കൊന്നുവെന്ന് മുഖ്യമന്ത്രി സമ്മതിച്ചു. അച്യുതാനന്ദൻ പറയുന്നു, ആക്രമിച്ചുകൊന്നുവെന്ന്. ഇതുൾപ്പെടെ വളരെ സത്യസന്ധമായ കാര്യങ്ങൾപോലും, ന്യായമായ കാര്യ ങ്ങൾപോലും കോൺട്രഡിക്റ്ററിയായി നടക്കുന്നതുകൊണ്ടാണ് ഇവിടെ extra constitutional centres ഉണ്ടെന്നു പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങിവിടെ പറഞ്ഞത് ക്യാബിന റ്റിന്റെ തീരുമാനം തലേദിവസമേ പ്രഖ്യാപിക്കുന്നുവെന്നുള്ളതല്ലേ? ക്യാബിനറ്റിന്റെ തീരുമാനുംപോലും ബ്രീഫ് ചെയ്യാൻ ഇന്നുവരെ മുഖ്യമന്ത്രിയെ സ്വതന്ത്രമായി ഒറ്റയ്ക്ക് വിട്ടിട്ടില്ലല്ലോ. ഇടവും വലവും രണ്ടു മന്ത്രിമാരുടെ തടവിലല്ലേ നമ്മുടെ മുഖ്യമന്ത്രി ക്യാബിനറ്റ് തീരുമാനംപോലും പ്രഖ്യാപിക്കാറുള്ളത്?

ശ്രീ. തമ്പാനൂർ രവി : ക്യാബിനറ്റ് തീരുമാനം എന്നല്ല നയപരമായ പല തീരുമാനങ്ങളിലും അദ്ദേഹം തടവറയിലാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് നിങ്ങളുടെ വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധമില്ലായെന്ന്. അതുകൊണ്ട് എന്റെ വിനീതമായ അഭ്യർത്ഥന അഴിമതി നിരോധനം നിങ്ങ ളുടെ ലക്ഷ്യമാണെങ്കിൽ, പബ്ലിക് ലൈഫിൽ അക്കൗണ്ടബിലിറ്റി വേണമെ ങ്കിൽ ചെക്ക് ആന്റ് കൗണ്ടർ ചെക്ക് വേണമെങ്കിൽ ഈ നിയമം വളരെവേഗം നടപ്പിലാക്കൻ ശ്രമിക്കണം. ഒഴിവുകഴിവു പറയരുത്. പാവപ്പെട്ട ശ്രീ. ചന്ദ്രശേ ഖരൻ നായരെക്കൊണ്ട് ഈ ജോലി ചെയ്യിക്കരുത്. അതുകൊണ്ട് രണ്ടുകാര്യ ങ്ങളാണ് ഞാൻ പറയുന്നത് ഒന്നുകിൽ നിങ്ങൾ ഇവിടെ പറയണം എൽ.ഡി. എഫ് ഗവൺമെന്റിന്റെ കാലാവധി തീരുന്നതുവരെ ഞങ്ങൾ ഈ നിയമം നട പ്പിലാക്കുകയില്ലെന്ന്. ഇല്ലെങ്കിൽ ഇത് അമെന്റുചെയ്യണം. കോംപീറ്റന്റ് അതോ

റിറ്റിയെ നിശ്ചയിക്കാൻ തടസ്സംവരുന്നതുകൊണ്ട് ആറുമാസം വന്നു. നാണമില്ലേ? കേരള ഗവൺമെന്റ് വിചാരിച്ചാൽ കോംപീറ്റന്റ് അതോറിറ്റിയെ തീരുമാനിക്കാൻ 24 മണിക്കൂർ വേണോ? ഇതിനോട് ആത്മാർത്ഥത ഉണ്ടെങ്കിൽ, ഇതു നടപ്പിലാക്കാനാണ് ലക്ഷ്യമെങ്കിൽ ആറുമാസം എന്നുള്ളതുമാറ്റി ഒരു മാസമാക്കി തീരുമാനങ്ങൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കണം.

<u>ശ്രീ. പി. രാഘവൻ</u> : സർ, 1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ഇതിൽ വളരെ നിസ്സാരമായ ഭേദഗതി മാത്രമേ വരുന്നുള്ളൂ. ആറുമാസം എന്നുള്ളത് ഒന്നര വർഷം ആക്കുക എന്നുള്ളതാണ്. നിയമം നടപ്പിലാക്കുന്ന ആദ്യത്തെ ഘട്ടത്തിലാണ് അത് വേണ്ടി വന്നത്. ഇവിടെ ആയിരക്കണക്കിന് തസ്തികകൾ ഉണ്ട്. ഇതിന്റെ സ്റ്റേറ്റ്മെന്റ് കൊടുക്കേണ്ടത് എങ്ങനെയെന്ന് നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള കാലതാമസം മാത്രമാണുള്ളത്. അത് ഒരു ദിവസംകൊണ്ട് നടപ്പിലാക്കാൻ പറ്റുമെന്നാണ് ബഹുമാനപ്പെട്ട തമ്പാനൂർ രവി ഇവിടെ പറഞ്ഞത്. അത്ര അധികം കഴിവുണ്ടെങ്കിൽ ആ ലിസ്റ്റ് തയ്യാറാക്കി ഗവൺമെന്റിന് നാളെത്തന്നെ കൊടുത്താൽ ഉടൻതന്നെ റൂൾ ഉണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാണെന്ന് പറയുകയാണ്. അങ്ങനെയുള്ള വളരെ ചെറിയ ഒരു പ്രശ്നത്തിന്റെ മേൽ ഇവിടെയുള്ള വാദപ്രതിവാദം കേട്ടാൽ നമ്മുടെ കോൺഗ്രസ്സുകാർ മാലാഖമാതിരി ഒരു തെറ്റുമില്ലാത്ത അഴിമതിയില്ലാത്ത മാടപ്രാവുകളാണ്, ശുദ്ധാത്മാക്കളാണ് എന്ന് തോന്നും. എത്ര സുന്ദരൻമാർ. അല്ലേ; അഴിമതിയില്ലാത്ത ആളുകൾ. നിങ്ങൾ അഴിമതിയെ സംബന്ധിച്ച് ഇത്രമാത്രം പറഞ്ഞതുകൊണ്ട് ചില കാര്യങ്ങൾ പറയാൻ ഉദ്ദേശിക്കുകയാണ്. ആരാണിത് തുടങ്ങിവച്ചത്? ബഹുമാനപ്പെട്ട ടി.എം. ജേക്കബ്. അദ്ദേഹം ഇവിടെ എ.ജി.യെ സംബന്ധിച്ചൊക്കെ പറഞ്ഞു. ശ്രീ. ജോയിയും അതിവിടെ പറഞ്ഞു. ഞങ്ങൾക്ക് ഒരാളെയും രക്ഷിക്കാനുള്ള ഉത്തരവാദിത്വമില്ല. എ.ജി. അഴിമതി ചെയ്താലും മുഖ്യമന്ത്രി അഴിമതി ചെയ്താലും ആര് അഴിമതി ചെയ്താലും പിടിക്കപ്പെടണമെന്നുള്ളതുകൊണ്ടാണ് മുഖ്യമന്ത്രിയടക്കമുള്ള ആളുകളെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചത്. അതുകൊണ്ട് എ.ജി.യെ സംബന്ധിച്ചുള്ള കേസ്സുകളൊക്കെ നിങ്ങൾ അവിടെ വാദിക്കൂ. നിങ്ങൾക്ക് അവിടെ അതിന്റെ പരിധിയിൽ കൊണ്ടുവരാൻ ഇഷ്ടംപോലെ സമയമുണ്ട്. അവിടെ വാദിച്ച് കേസ്സ് ജയിക്കാൻ സാധിക്കുകയില്ല എന്ന് ഉറപ്പുള്ളതുകൊണ്ടല്ലേ ഇവിടെ പറയുന്നത്? ഞങ്ങൾക്ക് എ.ജി.യെ പിടിക്കുന്നതിൽ ഒരു വിരോധവുമില്ല. പക്ഷെ ശ്രീ. ടി.എം. ജേക്കബിനെപ്പോലെയുള്ള ആളുകൾക്ക് ചില വേവലാതികൾ ഉണ്ടാകും. ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീ. ആർ. ബാലകൃഷ്ണപിള്ള ..... ആരാണ് ആർ. ബാലകൃഷ്ണപിള്ള? കഴിഞ്ഞ നിയമസഭയിലൊക്കെ ഞാനും മെമ്പറായിരുന്നു. ആർ. ബാലകൃഷ്ണപിള്ള ഇവിടെ നടത്തിയ ഗീർവാണ പ്രസംഗം കേട്ടാൽ ഇങ്ങനെയൊക്കെയാണോ സംഭവിക്കുക? ആ ബാലകൃഷ്ണപിള്ള കോടതിയിൽനിന്ന് വിധികേട്ടപ്പോൾ മലർന്നുവീണുപോയി. അതൊക്കെ നാം പത്രത്തിൽ വായിച്ചില്ലേ.

'വീണിതല്ലോ കിടക്കുന്നു ധരണിയിൽ' എന്നു പറഞ്ഞതുപോലെയുള്ള കാഴ്ച നമ്മൾ കണ്ടില്ലേ. അദ്ദേഹം ഇപ്പോൾ നിയമസഭയിൽ വന്നിട്ടില്ല. നിങ്ങൾ ഇത്രമാത്രം ശുദ്ധന്മാരാണെങ്കിൽ .....? ആർ. ബാലകൃഷ്ണപിള്ളയെ കോടതിയിൽ ശിക്ഷിച്ചതിന് നിങ്ങൾ എന്താണ് പറഞ്ഞത്. രാഷ്ട്രീയ വിരോധം ആണെന്നല്ലേ? കോടതി ശിക്ഷിക്കുന്നത് രാഷ്ട്രീയ വിരോധം കൊണ്ടാണോ?

LIBRARY ARCHIVES Kerala Legislative Assembly

പണ്ട് ഇന്ദിരാഗാന്ധിയെ ശിക്ഷിച്ചപ്പോഴും നിങ്ങൾ അതല്ലേ പറഞ്ഞത്? ആർ. ബാലകൃഷ്ണപിള്ളയെ രണ്ടു കേസുകളിലാണ് ശിക്ഷിച്ചത്. ഇന്ദിരാഗാന്ധിയെപ്പറ്റി പറയുമ്പോൾ അങ്ങനെ പേടിക്കേണ്ട. അലഹബാദ് ഹൈക്കോടതി വിധി വന്നപ്പോൾ രാഷ്ട്രീയ വിരോധമാണെന്നു പറഞ്ഞ് യൂത്ത് കോൺഗ്രസ്സുകാർ ഈ രാജ്യത്ത്മുഴുവൻ പന്തംകൊളുത്തി പ്രകടനം നടത്തിയവരാണ്. അതുതന്നെയാണ് ബാലകൃഷ്ണപിള്ളയും പറയുന്നത്. ആ ബാലകൃഷ്ണപിള്ള പറയുന്നത് ഞാൻ വീണ്ടും തെരഞ്ഞെടുപ്പിൽ മത്സരിച്ചാൽ മുൻപിലത്തെക്കാളും ഭൂരിപക്ഷത്തോടുകൂടി ജയിക്കുമെന്നാണ്. ആ ബാലകൃഷ്ണനപിള്ളയുടെ പാത പിന്തുടർന്നുകൊണ്ട് ജയിലിലേക്ക് പോകാൻ തയ്യാറായി നിൽക്കുന്ന നിരവധി മുൻമന്ത്രിമാർ നിങ്ങളുടെ കൂട്ടത്തിൽ ഇന്നുള്ളതുകൊണ്ടാണ് ലോക് ആയുക്ത ബില്ലിനെ നിങ്ങൾ എതിർക്കുന്നത്. ഞങ്ങൾക്ക് അത് അറിയാം. അത് നടപ്പാക്കുന്നതിന് നിങ്ങളെതിരാണെന്ന് ഞങ്ങൾക്ക് അറിയാം. എവിടെയെല്ലാം നിങ്ങൾപോയി? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. പി. ബാലനും അടക്കമുള്ള ആളുകൾ പറഞ്ഞത് ഇവിടെ മൂന്നു മുഖ്യമന്ത്രിമാർ ഉണ്ടെന്നാണ്. കരുണാകരൻ ഭരിക്കുമ്പോൾ നിങ്ങൾ പറഞ്ഞില്ലേ, ...

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞിട്ടുള്ളത് ഒന്നു കാണിച്ചാൽ കൊള്ളാം.

<u>ശ്രീ. പി. രാഘവൻ</u> : ബഹുമാനപ്പെട്ട പി. ബാലന്റെ അടക്കം പ്രസ്താവന വന്നതാണ്. ഞാൻ അത് നാളെ കൊണ്ടുവരാം. പത്രത്തിലൊക്കെ ഉണ്ടായിരുന്നു-ഇവിടെ ഒരു മുഖ്യമന്ത്രിയല്ല എന്ന്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയെ സംബന്ധിച്ച് ശ്രീ. കരുണാകരൻ പറഞ്ഞത് എന്താണ്? പിരിവിനു പോകുന്നവരെ സംബന്ധിച്ച് ആക്ഷേപിച്ചു പറഞ്ഞത് ഞാനാണോ? ഇവിടെ വി.എസ്. അച്യുതാനന്ദനെ സംബന്ധിച്ചും ശ്രീ. ഇ.കെ. നായനാരെ സംബന്ധിച്ചുമൊക്കെ പറഞ്ഞില്ലേ? കേരളത്തിന്റെ രാഷ്ട്രീയ നേതൃത്വം ഏതെങ്കിലും ആളുകൾക്ക് കൊടുത്തിട്ടില്ല. അത് എൽ.ഡി.എഫ്.നു തന്നെയാണ്. രാഷ്ട്രീയ നേതൃത്വത്തിന്റെ വ്യക്തമായ നയം പ്രഖ്യാപിക്കുന്നത് എൽ.ഡി.എഫ്.ന്റെ നേതാക്കൻമാർ തന്നെയാണ്. പാമോയിലിന്റെ കേസിൽ നിങ്ങൾ സുപ്രീംകോടതിവരെ പോയില്ലേ? അവസാനം സുപ്രീം കോടതി പറഞ്ഞു കേസ്സെടുക്കാൻ. അങ്ങനെയാണ് കേസ് വന്നത്. അപ്പോൾ നിങ്ങൾ എന്താണ് പറഞ്ഞത്? അതും രാഷ്ട്രീയപ്രേരിതമെന്നല്ലേ? ബഹുമാനപ്പെട്ട കരുണാകരൻ, ഒന്നാംതരം ശുദ്ധമായ അഴിമതിരഹിതമായ കൈകളുടെ ഉടമസ്ഥനാണെങ്കിൽ എന്തേ ആ കോടതി മുൻപാകെ പോയിനിന്നാൽ പോരേ? ആ കേസ് വാദിച്ചാൽ പോരേ? അവസാനം കുറ്റവിമുക്തനായി പുറത്തേക്കുവന്നിട്ട് ഈ രാജ്യത്തിന്റെ മുഴുവൻ പൂമാലയുമേന്തിക്കൊണ്ട് നടക്കാമല്ലോ. അതിനുപകരം സുപ്രീം കോടതിവരെ പോയി. എനിക്കെതിരെ കേസുവരാൻ പാടില്ലെന്നാണ് കരുണാകരന്റെ വാദം. ബാലകൃഷ്ണപിള്ള പോയില്ലേ? എം.വി. രാഘവനെതിരായി കേസ് വന്നു. സുപ്രീം കോടതയിൽ പോയില്ലേ? രക്ഷയില്ലാതെ വന്നപ്പോൾ അദ്ദേഹത്തിന്റെ കേസ് എടുക്കാൻ പോകുമ്പോൾ എന്തൊരു വേവലാതിയാണ് നിങ്ങൾക്ക്. ബഹുമാനപ്പെട്ട എ.കെ. ആന്റണി അടക്കമുള്ളവർ പറഞ്ഞത് ഇത് രാഷ്ട്രീയ വിരോധമാണെന്നാണ്. അഞ്ചു മനുഷ്യാത്മാക്കളെ ക്രൂരമായി ചുട്ടുകൊന്നപ്പോൾ നിങ്ങൾക്ക് വേവലാതി ഉണ്ടായിരുന്നില്ല അല്ലേ. അദ്ദേഹത്തിനെതിരായി കേസ് വന്നപ്പോൾ നിങ്ങൾക്ക് വേവലാതി! എം.വി. രാഘവൻ വലിയ മാലാഖയാണ്, കുറ്റവിമുക്തനാണ്-അല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കണാരൻ : ശ്രീ. കരുണാകരൻ പാമോയിൽ പോലെയുള്ള അനവധി പ്രശ്നങ്ങളിൽ കൊള്ളരുതായ്മ കാണിച്ചതുകൊണ്ടാണല്ലോ കോൺഗ്രസ്സ് പാർട്ടി കരുണാകരനെ ഒഴിവാക്കി എ.കെ. ആന്റണിയെ മുഖ്യമന്ത്രിയാക്കിയത്? അത് ഓർമ്മയില്ലേ?

[1 P.M.] ശ്രീ. പി. രാഘവൻ : ബഹുമാനപ്പെട്ട എ.കെ. ആന്റണിയെ മുഖ്യമന്ത്രിയാക്കാൻ ഞങ്ങളാരും പറഞ്ഞിട്ടില്ല. ശ്രീ. കെ. കരുണാകരൻ അഴിമതിക്കാരനാണെന്നു പറഞ്ഞുകൊണ്ട് കോൺഗ്രസ്സിന്റെ നേതാക്കൻമാർ, ലീഗിന്റെ നേതാക്കൻമാർ പ്രമേയം പാസ്സാക്കി ശ്രീ. കെ. കരുണാകരനെ മാറ്റി, ശ്രീ. എ.കെ. ആന്റണിയെ മുഖ്യമന്ത്രിയായി കൊണ്ടുവന്നു. അതു നിങ്ങൾ തന്നെ സമ്മതിച്ചകാര്യമാണ്. ശ്രീ. എം.വി. രാഘവനെതിരായി കേസു വന്നപ്പോൾ എന്തൊരു വേവലാതിയാണ് നിങ്ങൾക്ക്. ഇപ്പോൾ സി.ബി.ഐ.യെക്കൊണ്ട് കേസന്വേഷിപ്പിക്കണമെന്ന്. കോടതിവിധി വന്നപ്പോൾ വലിയ സന്തോഷമാണ്. അഭയ കേസ് അന്വേഷിച്ചത് സി.ബി.ഐ. അല്ലേ? ആ സി.ബി.ഐ.യെ സംബന്ധിച്ചാണ് നിങ്ങൾ പറയുന്നത്, ലോകത്തിലെ മുഴുവൻ കേസുകളും തെളിയിക്കാൻ പറ്റുന്നതാണ് സി.ബി.ഐ. എന്നാണ്. സി.ബി.ഐ.യോട് ഇപ്പോൾ എന്തൊരു സ്നേഹമാണ്. സി.ബി.ഐ. ആണ് ശ്രീ. നരസിംഹറാവുവിനെതിരായ കേസടക്കം വാദിക്കുന്നത്. ശ്രീ. എം.വി. രാഘവന്റെ കേസ് ഒരു ഭാഗത്ത്, ശ്രീ. ടി.എം. ജേക്കബിന്റെ കേസ് ഒരു ഭാഗത്ത്, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ കേസ് വേറൊരു ഭാഗത്ത്. അതെല്ലാം നിലനിൽക്കുമ്പോഴാണോ നിങ്ങൾ അഴിമതിക്കെതിരായി ഗംഭീരമായി പ്രസംഗം നടത്തുന്നത്? നിങ്ങൾ നിരവധി കേസുകളിൽ വരാൻ പോകുകയല്ലേ? ഞാൻ അതിനെ സംബന്ധിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. പാമോലിന്റെ കേസ് വേറൊന്നാണ്. മറ്റൊന്നുള്ളത്, കഴിഞ്ഞ രണ്ടു ദിവസമായി കാസർഗോഡ് ജില്ലയിലെ നിരവധി കേസ്സുകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഹോസ്ദുർഗ്ഗ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ബാങ്കിന്റെ പ്രസിഡന്റിന്റെ പേരിൽ 46 ലക്ഷം രൂപയുടെ അഴിമതിയാണ്. കോൺഗ്രസ്സ് നേതാവാണ്. 46 ലക്ഷം രൂപയുടെ അഴിമതി കാണിച്ചു എന്നുപറയുന്നത് ഞാനല്ല, കോൺഗ്രസ്സിന്റെ വേറൊരു നേതാവ് വെളുത്തമ്പുവാണ്. കേസ്സ് കോടതിയിൽ തെളിയിക്കപ്പെട്ടിരിക്കുകയാണ്. നിങ്ങളുടെ നേതാവ് നിങ്ങളുടെ നേതവിന്റെ പേരിൽ കേസ്സ് കൊടുക്കുന്നു. 46 ലക്ഷം രൂപയുടെ അഴിമതി കാണിച്ചു എന്നു പറഞ്ഞുകൊണ്ടാണ്. അതുപോലെ അവിടെയുള്ള ജില്ലാ പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനെതിരായി നിങ്ങളുടെ നേതാക്കൻമാർതന്നെ കേസ്സ് കൊടുത്തു. അതിനേക്കാൾ മെച്ചപ്പെട്ട വേറൊരു കേസ്സ് വരാൻ പോകുകയാണ്. നിങ്ങളുടെ നേതാക്കൻമാർ തമ്മിലുള്ള ഒരു പ്രശ്നം തന്നെയാണ്. ഒറീസയിൽ പതിനായിരത്തോളം ആൾക്കാർ വെള്ളപ്പൊക്കത്തിന്റെ ഫലമായി മരിച്ചപ്പോൾ, ആയിരക്കണക്കിന് ആളുകൾക്ക് വീടില്ലാതെ വന്നപ്പോൾ അവിടത്തെ പ്രശ്നം എന്താണെന്നറിയാമോ? കോടിക്കണക്കിന് രൂപ ലോകത്തിന്റെ നാനാഭാഗത്തുനിന്നും ദുരിതംപേറുന്ന മനുഷ്യരുടെ കണ്ണീരൊപ്പാൻ വേണ്ടി കൊടുത്തയച്ചത് നിങ്ങളുടെ മുഖ്യമന്ത്രി ഗിരിധർ ഗോമംഗോ വേണ്ടാത്തരീതിയിലാണ് ചെലവഴിച്ചത്. അരാണ് ചെലവഴിച്ചത്? ഞങ്ങളാണോ? ഇടതുപക്ഷക്കാരാണോ? നിങ്ങളുടെ നേതാക്കൻമാർ മനുഷ്യരുടെ ദുരിതസമയത്തുപോലും അഴിമതി കാണിക്കാൻ വേണ്ടിയാണ് തയ്യാറായത് എന്നല്ലേ തെളിയിച്ചത്? പതിനായിരങ്ങൾ ഒറീസയിൽ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ ലോകത്തിന്റെ നാനാഭാഗത്തുനിന്നും കൊടുത്തയച്ച ചില്ലിക്കാശുപോലും നിങ്ങളുടെ നേതാക്കൻമാർ കട്ടുതിന്നുകയല്ലേ കോൺഗ്രസ്സുകാരേ ചെയ്തത്? നാണമുണ്ടോ നിങ്ങൾക്ക്? ഒരു തുള്ളി വെള്ളം കുടിക്കാൻ പോലും .....

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങ് ഒരുപാട് കത്തിക്കയറി പോകുകയാണ്. അതു പറഞ്ഞോ. അവിടെ ദുരിതാശ്വാസത്തിനുള്ള പണം ചെലവഴിച്ച കാര്യം ആദ്യം കേൾക്കുകയാണ്. മുഖ്യമന്ത്രിയെ മാറ്റിയ വിഷയം വേറെയാണ്. ഇതൊരു ഗുരുതരമായ ആരോപണമാണ്. മുഖ്യമന്ത്രിയെ മാറ്റിയത് രാഷ്ട്രിയപ്രശ്നമാണ്. ഒറീസയിൽ ദുരിതാശ്വാസത്തിനുവേണ്ടി വന്ന പണം കോൺഗ്രസ്സുകാർ കട്ടു എന്ന അങ്ങയുടെ പ്രസ്താവന ദയവുചെയ്ത് പിൻവലിക്കണം.

ശ്രീ. പി. രാഘവൻ : സർ, ഞാനതു പിൻവലിക്കാൻ പോകുന്നില്ല എന്നുമാത്രമല്ല, വളരെ ശക്തമായി അതു ഉന്നയിക്കുകയാണ്. കാരണം, ഗിരിധർ ഗോമംഗോയെ എന്തിനാണ് നിങ്ങൾ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് മാറ്റിയത്? ഏതവസരത്തിലാണ് നിങ്ങൾ മുഖ്യമന്ത്രിയെ മാറ്റിയത്? ആ മുഖ്യമന്ത്രിയെ മാറ്റിയത് കോടിക്കണക്കിന് രൂപ നിങ്ങൾ തിരിമറി നടത്തിയതിന്റെ പേരിലാണ്. എന്തിനാണ് നിങ്ങൾ മുഖ്യമന്ത്രിയെ വെള്ളപ്പൊക്കത്തിന്റെ സമയത്ത് മാറ്റിയത്? അതിനു മറുപടി പറയൂ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ സഭയിലെ ഒരംഗമല്ലാത്ത ഒറീസയിലെ മുഖ്യമന്ത്രിയെക്കുറിച്ച്, ഇന്നുവരെ ഇന്ത്യാ രാജ്യത്തെ ഒരു പത്രം പോലും അദ്ദേഹം കള്ളത്തരം നടത്തിയെന്ന് ഒരു വാക്ക്, ദേശാഭിമാനി പത്രം പോലും എഴുതാത്ത സാഹചര്യത്തിൽ ഇതുപോലൊരു പരാമർശം നടത്തുന്നത്, അതും ഒരു രേഖപോലും ഉദ്ധരിക്കാൻ കഴിയാതെ, ദേശാഭിമാനി പത്രമെങ്കിലും ഉദ്ധരിക്കാൻ കഴിയാതെ ഇതുപോലെ പരാമർശം നടത്തുന്നത് ഓർഡറിലാണോ?

മി. ഡെ. സ്പീക്കർ : സാധാരണഗതിയിൽ സഭയ്ക്കുപുറത്തുള്ള ആളുകളെക്കുറിച്ച് പരാമർശിക്കാറുണ്ട്. പത്രങ്ങളിലോ മറ്റു മാധ്യമങ്ങളിലോ വരുന്ന വാർത്തകൾ ഉദ്ധരിക്കാറുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചത് ഞാൻ കേട്ടത്, അവിടെ കിട്ടിയ പണം കോൺഗ്രസ്സുകാർ ചെലവാക്കിയില്ലേ എന്നാണ്. മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞില്ല. എന്തുകൊണ്ടാണ് നിങ്ങൾ മുഖ്യമന്ത്രിയെ മാറ്റി എന്നാണ് ചോദിച്ചത്. അദ്ദേഹം പത്രത്തിൽ വന്ന വാർത്തകൾ കാട്ട് ചെയ്തു എന്നു മാത്രമേയുള്ളൂ. ..... (ബഹളം) ..... ഓറീസയിലെ മുഖ്യമന്ത്രി കട്ടു എന്ന് അദ്ദേഹം പറഞ്ഞില്ല. അങ്ങനെ സഭയിൽ റെക്കോർഡ് ഉണ്ടായിട്ടില്ല. ഒറീസയിലെ മുഖ്യമന്ത്രി പണം അപഹരിച്ചു എന്നുള്ളത് റെക്കോർഡിൽ ഉണ്ടായിരിക്കുകയില്ല. അങ്ങനെ അദ്ദേഹം പറഞ്ഞിട്ടുണ്ടെങ്കിൽ അതു കാണുകയില്ല.

ശ്രീ. പി. രാഘവൻ : സർ, എന്താണ് പറഞ്ഞതെന്നു ഞാൻ പറയാം. ഇവിടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന് ഇപ്പോഴെങ്കിലും ബോധമുണ്ടായത് നന്നായി. ശ്രീ. വി.എസ്. അച്യുതാനന്ദനെ സംബന്ധിച്ച് പറഞ്ഞപ്പോൾ, എ.ജി.യെ സംബന്ധിച്ച് പറഞ്ഞപ്പോൾ എന്തായിരുന്നു ശ്രീ. ആര്യാടൻ മുഹമ്മദ് മിണ്ടാതിരുന്നത്? അങ്ങയുടെ അനുയായികളെ പറഞ്ഞ് ബോധ്യപ്പെടുത്താമായിരുന്നില്ലേ? അതിനു പകരം.....

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നടന്നിട്ടുള്ള വിവിധ മന്ത്രിമാരുടെ അഴിമതികളെക്കുറിച്ച് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള അന്വേഷണ കമ്മിഷനുകളിൽ ആരാണ് കുറ്റക്കാർ എന്നതു സംബന്ധിച്ച് 13-ാം തീയതി മുഖ്യമന്ത്രി നൽകിയിട്ടുള്ള മറുപടിയിൽ അന്നത്തെ മന്ത്രിസഭയിലെ മന്ത്രിമാരുടെ ഓരോരുത്തരുടെയും പേരുകളെല്ലാം പറഞ്ഞിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : സർ, കോൺഗ്രസ്സുകാരെ സംബന്ധിച്ച് പറയാൻ സമയം ഇതുപോരാ. ഇത്രമാത്രം അഴിമതിയിൽ മുങ്ങിക്കുളിച്ച കോൺഗ്രസ്സിന്റെ നേതാക്കൻമാരുണ്ടോ? കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ സമയത്ത് കേസ് വരുമ്പോൾ എന്തൊരു വിഷമമാണ് നിങ്ങൾക്ക്. അഴിമതിക്കെതിരായി ..... (ബഹളം)..... ഞാൻ ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കാനാണ് ആലോചിച്ചത്..... (ബഹളം)..... കോൺഗ്രസ്സ് നേതാക്കൻമാർക്കെതിരായി കോടതികളിൽ കേസ് വരുന്ന അവസരത്തിൽ അതിൽനിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ നിയമത്തെ എതിർക്കുന്നത്. ഈ നിയമത്തെ എതിർക്കാൻ സാധിക്കാത്തതുകൊണ്ടാണ് ..... (ബഹളം) ..... ശ്രീ. ബി. വിജയകുമാർ അടക്കമുള്ള ആളുകൾ ശ്രീ. തമ്പാനൂർ രവി മുഖ്യമന്ത്രിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ എന്തുകൊണ്ടാണ് എതിർക്കാതിരുന്നത്? ഞങ്ങളിതു പറയാൻ ഉദ്ദേശിച്ചതല്ല. ഈ നിയമത്തിൽ ഒതുങ്ങിനിൽക്കാൻ ആലോചിച്ചതാണ്. എന്തുകൊണ്ട് നിങ്ങൾ ആ സമയത്ത് ഇടപെട്ടില്ല? അഴിമതിക്കെതിരായി ശക്തമായ നിലപാടുമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ ഭാഗമായിട്ടാണ് ഈ നിയമം കൊണ്ടുവന്നത്. അതിനുള്ള നിയമം തീർച്ചയായിട്ടും ഞങ്ങൾ നടപ്പിലാക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഇവിടെ ഉണ്ടായ വാദപ്രതിവാദങ്ങൾ വിശാലമായിപ്പോയി. ഇതിനകത്ത് ഒരു പ്രധാനപ്പെട്ട കാര്യമുള്ളത്, ഈ ആക്ടിൽ തന്നെ കോംപിറ്റന്റ് അതോറിറ്റിയെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഒരുപാട് കാര്യങ്ങൾ കോംപിറ്റന്റ് അതോറിറ്റി നിർവ്വഹിച്ചിട്ടുണ്ട്. Competent authority in the case of Chief Minister, or a member of the State Legislature, Governor ..... ഇങ്ങനെ ഓരോന്നിന്റെ കാര്യവും പറഞ്ഞിട്ടുണ്ട്. അതിൽ പലതിനും ഫോമുണ്ട്. നമ്മുടെ ഈ നിയമം വളരെ വലുതായതുകൊണ്ട്, പഞ്ചായത്ത് മെമ്പർമാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആളുകൾ ഇങ്ങനെ ഇവരുടെയെല്ലാം കോംപിറ്റന്റ് അതോറിറ്റിയെ കണ്ടുപിടിക്കാൻ സാധിച്ചില്ല. അതൊരു കുറ്റമാണെങ്കിൽ കുറ്റം സമ്മതിക്കാൻ തയ്യാറാണ്. എങ്കിൽപ്പോലും ഈ ആക്ടനുസരിച്ച് അതിനു കുറച്ചു ഡിലേ വന്നിട്ടുണ്ട്. ആ കോംപിറ്റന്റ് അതോറിറ്റി, ഇപ്പോൾ ആക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആരോപണങ്ങളുന്നയിക്കാനുള്ളതായിട്ടുണ്ട്. ഈ സംസ്ഥാനത്തെ പ്രധാനപ്പെട്ട ആളുകളുടെ പേരിലെല്ലാം കോംപിറ്റന്റ് അതോറിറ്റിയുണ്ട്. അതിൽ യാതൊരു തർക്കവുമില്ല. മന്ത്രിമാരുടെയെല്ലാം സ്റ്റേറ്റ്മെന്റ് കൊടുത്തുകഴിഞ്ഞു. മുഖ്യമന്ത്രിയുടെയും കൊടുത്തു. എം.എൽ.എ.മാരുടേതെല്ലാം ഗവർണർക്കാണ് കൊടുക്കേണ്ടത്. അതെല്ലാമായിക്കഴിഞ്ഞു. പിന്നെ വരുന്നത് പഞ്ചായത്ത് മെമ്പർമാരുടെ, സഹകരണ സംഘങ്ങളുടെയൊക്കെ മെമ്പർമാരുടെ കാര്യത്തിൽ മാത്രമേയുള്ളൂ കോംപിറ്റന്റ് അതോറിറ്റിയുടെ പ്രശ്നം വരുന്നത്. അതുകൊണ്ട് കുറച്ച് സാവകാശം വേണ്ടിവന്നു. കുറച്ചു കാലതാമസം വന്നു. ഇത്രയും സമയത്തിനകം അത് കുറച്ചുകൂടി എഫിഷ്യന്റായിട്ട് കൊണ്ടുവരാൻ .....

ശ്രീ. തമ്പാനൂർ രവി : സർ, ഒരു ഗവൺമെന്റ് വിചാരിച്ചാൽ ഈ കോംപിറ്റന്റ് അതോറിറ്റി ഫിക്സ് ചെയ്യാനും ബാക്കിയുള്ള കാര്യത്തിനും അധികം സമയം വേണമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇപ്പോൾ ഈ ആക്ടിന്റെ പരിധി വളരെ വിപുലമാക്കി. സഹകരണസംഘത്തിൽ ആരായിരിക്കണം കോംപിറ്റന്റ് അതോറിറ്റി? അതൊക്കെ കുറച്ച് ചർച്ചവരുന്നതല്ലേ? വെറും ഡിസ്ട്രിക്ട്

ബാങ്കിന്റെ പ്രസിഡന്റായാൽ മതിയോ അതോ ഡെപ്യൂട്ടി രജിസ്ട്രാർ വേണമോ ഇങ്ങനെ കുറച്ച് ആലോചിക്കാനുള്ളതാണ്. ഇതിങ്ങനെ നിരവധി വകുപ്പുകളെ ബാധിക്കുന്നുണ്ട്. അപ്പോൾ അതിനെല്ലാം കോംപിറ്റന്റ് അതോറിറ്റിയെ കൊണ്ടുവരുന്നതിനുള്ള താമസമാണ് വന്നത്. പക്ഷേ അങ്ങുപറഞ്ഞ വിമർശനം ഞാൻ അംഗീകരിക്കുന്നു. വളരെ വേഗതയിൽ ഒരുദിവസംകൊണ്ടൊന്നും സാധിക്കുകയില്ലെന്നുപറയാം. ഏതായാലും ഈ ടൈം ലിമിറ്റിനകം അതുമുഴുവൻ ചെയ്യുന്നതിനായി ആത്മാർത്ഥമായി പരിശ്രമിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത് നന്നായി. ഈ നിയമസഭയിൽ ഇല്ലാത്ത വരെക്കുറിച്ച് അഴിമതിയും ആരോപണങ്ങളുമൊക്കെ ഉന്നയിക്കുന്നത് ശരിയല്ലെങ്കിൽ തീർച്ചയായും, ഈ നിയമസഭയിൽ ഇല്ലാത്ത ആളാണ് അഡ്വക്കേറ്റ് ജനറൽ എന്നുകൂടി ഞാൻ വിനയപുരസ്സരം പറഞ്ഞുകൊള്ളട്ടെ, ...(ബഹളം) .....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞാൻ അഴിമതി ആരോപണമാണ് പറഞ്ഞത്. അതേയവസരത്തിൽ വളരെ ക്ലിയറാണ്. ഒരു ഉദ്യോഗസ്ഥനിൽ ഗവൺമെന്റിന് പവേഴ്സുണ്ട്, ഏതുദ്യോഗസ്ഥനേയും വിമർശിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ലാ സെക്രട്ടറി ചെയ്ത ആ നടപടിയാണ് മി. ജേക്കബ് ചെയ്തത്. അതുപോലെ അഡ്വക്കേറ്റ് ജനറൽ, he is an officer, അത് നമുക്ക് വിമർശിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്, അവകാശമുണ്ട്, അതെടുത്തുകളയാൻ പറ്റില്ല.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനോട് ഞാൻ പറയുന്നു അദ്ദേഹം കോൺട്രാക്ടിനൊക്കെ ഇത്ര ലക്ഷം രൂപ വാങ്ങിച്ചു എന്നുപറയുന്നതും ഒരു അഡ്വക്കേറ്റ് ജനറലിന്റെ ജോബിന്റെ പെർഫോർമൻസിന്റെ വിമർശനവും ഒന്നാണെന്നുപറഞ്ഞാൽ കോമൺ സെൻസുള്ള ആരും അതംഗീകരിക്കില്ല. പിന്നെ ഒരു കേസുണ്ടാക്കാൻവേണ്ടി പറയാം. ഇതിൽ നിയമപരമായി നോക്കിയാൽ വാസ്തവത്തിൽ ഈ അതോറിറ്റിയുടെ മുമ്പിൽ ഈ ക്വസ്റ്റ്യൻസ് മുഴുവൻ ഡിബേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത് പബ്ലിക് സർവന്റാണോ, that question is being debated there.

<u>ശ്രീ. അര്യാടൻ മുഹമ്മദ്</u> : That is already decided.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ആരുപറഞ്ഞു? By whom? ശ്രീ. ആര്യാടൻ മുഹമ്മദിന് ഞാൻ പറഞ്ഞത് മനസ്സിലായില്ല. അതിനെ സംബന്ധിച്ച് ട്രൈബ്യൂണലിനു മുമ്പിൽ ഇദ്ദേഹത്തിന്റെ അഡ്വക്കേറ്റ് ജനറലിനുവേണ്ടിയുള്ള ഒരു contention is that he is not a public servant. അപ്പോൾ അതിനെ സംബന്ധിച്ച രണ്ടുവശവും കേട്ടിട്ട് ..... ബഹളം ..... മുഖ്യമന്ത്രിയുടെ സ്റ്റാൻഡല്ല ഞാൻ പറഞ്ഞത്, കോടതിയുടെ മുമ്പിലുള്ളതാണ് ഞാൻ പറഞ്ഞത്. ഒരു ജുഡീഷ്യൽ ട്രൈബ്യൂണലിനുമുമ്പിൽ ഈ ഇഷ്യൂസ് മുഴുവൻ തീരുമാനമെടുക്കാൻ ഇരിക്കുകയാണ്. അവിടെ തീരുമാനമെടുത്താലേ പിന്നെ ഹൈക്കോടതിയിലേയ്ക്ക് പോകാൻ പറ്റുകയുള്ളൂ. അപ്പോൾ യഥാർത്ഥത്തിൽ ട്രൈബ്യൂണലിൽ ഇരിക്കുന്ന ഒരു സംഗതി നിങ്ങളിവിടെ പ്രീജഡ്ജ് ചെയ്യുകയാണ്. ഇദ്ദേഹം പബ്ലിക് സർവന്റാണോ എന്നുള്ള ക്വസ്റ്റ്യൻ അവിടെ ഡിബേറ്റ് ചെയ്യുകയാണ്. അങ്ങനെ ഡിബേറ്റ് ചെയ്ത് തീരുമാനമെടുക്കുന്നതിനുമുമ്പ് നമ്മളിവിടെയിരുന്നുകൊണ്ട് ആണെന്ന് തീരുമാനിക്കുകയും അവിടെ അല്ലെന്ന് തീരുമാനിക്കുകയും ചെയ്താൽ എങ്ങനെയിരിക്കും? സെക്രട്ടറിയുടെ അഭിപ്രായം ഞാൻ രണ്ടാമത് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : സർ, ചെറിയൊരു ക്ലാരിഫിക്കേഷനാണ് ഞാൻ ചോദിക്കുന്നത്. ഇത് ലോക് ആയുക്തിനു മുമ്പാകെ ഡിബേറ്റുചെയ്തുകൊണ്ടിരിക്കുകയാണെന്ന് അങ്ങു പറഞ്ഞു. ലോക് ആയുക്തിനു മുമ്പാകെത്തന്നെ ഇപ്പോൾ കൊണ്ടുവന്ന അമെന്റ്മെന്റിനെതിരായി ഒരു കേസ്സുണ്ട്. എക്സ്റ്റൻഷൻ സംബന്ധിച്ച് one hour trial-ന് നോട്ടീസ് കൊടുത്തിരിക്കുകയാണ്. അത് നമുക്കധികാരമുള്ള കാര്യമാണ്. ഇവിടുത്തെ വിഷയം, അങ്ങുപറഞ്ഞു എ.ജി. ഇവിടെയുള്ള ആളല്ലായെന്ന്. എ.ജി.യെ. ഇവിടെ സമൻചെയ്ത് വരുത്താനുള്ള സീറ്റ് അങ്ങയുടെ തൊട്ടടുത്തിട്ടിട്ടുണ്ട്. എ.ജി.യെ വേണമെങ്കിൽ നമുക്ക് സഭയിൽ വരുത്താം. അതിനുള്ള സ്ഥലം ഇവിടെയുണ്ട്. ഇതിനകത്തുള്ള ഏതെങ്കിലുമൊരു ഉദ്യോഗസ്ഥനെ സംബന്ധിച്ച് ആ ഉദ്യോഗസ്ഥൻ ഇതിന്റെ പരിധിയിൽ വരുമോ ഇല്ലയോ എന്നുള്ളകാര്യം നമുക്ക് ഡിസ്കസ് ചെയ്യാം. അതിനുള്ള അധികാരമുണ്ട്, പക്ഷേ അദ്ദേഹത്തിനെതിരായിട്ട് കറപ്ഷൻ ചാർജ്ജസ് ഉന്നയിക്കുന്നത് വേറെവിഷയം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അദ്ദേഹത്തിന്റെ വാക്ക് ഞാൻ അംഗീകരിക്കുന്നു. എ.ജി.യെക്കുറിച്ച് ഒരു കറപ്ഷൻ ചാർജസും ഇപ്പോൾ ഇവരാരും ഉന്നയിച്ചിട്ടില്ല. അത് റിക്കോർഡ് ചെയ്താൽ മതി.

ശ്രീ. ടി.എം. ജേക്കബ് : അല്ല, ഞങ്ങളല്ലല്ലോ ഉന്നയിച്ചത്? ഇവിടെതന്ന മറുപടി ശ്രീ. പി.ജെ. ജോയി വായിച്ചു. ലോക് ആയുക്തിനുമുമ്പാകെ എ.ജി. ക്കെതിരെ നിരവധി കറപ്ഷൻ ചാർജ്ജസ് വന്നിരിക്കുന്നു. അപ്പോൾ മുഖ്യ മന്ത്രി പറയുന്നു നമ്മുടെ നിയമമനുസരിച്ച് എ.ജി. ലോക് ആയുക്തിന്റെ പർവ്യൂവിൽ വരും. അത് മുഖ്യമന്ത്രി പറഞ്ഞതാണ്, ലാ സെക്രട്ടറിയല്ല പറഞ്ഞത്. ഇത് ഡിബേറ്റബിളല്ല. അങ്ങനെയാണെങ്കിൽ അതിവിടെ ഭേദഗതി ചെയ്യണം. എ.ജി.യെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നിങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇതുരണ്ടും രണ്ടായി ഞാൻ പറയാം. ഇപ്പോൾ ഇദ്ദേഹം പബ്ലിക് സർവന്റാണോ എന്നുള്ള ക്വസ്റ്റ്യൻ ഒരു ട്രൈബ്യൂണലിനുമുമ്പിൽ, ജുഡീഷ്യൽ പവേഴ്സുള്ള, ഡിസൈഡ് ചെയ്യാൻ കോംപീറ്റന്റായിട്ടുള്ള ഒരു അതോറിറ്റിക്കുമുമ്പിൽ വക്കീലൻമാർ വാദപ്രതിവാദം നടത്തിയിട്ട് അവർ കോടതിയിൽ ഒരു തീരുമാനമെടുക്കും. ആ തീരുമാനം വരുംവരെ നമ്മൾ ക്ഷമിക്കുക. അല്ലാതെ ഇവിടെയിരുന്നുകൊണ്ട് അതിനുമുകളിലൊരു തീരുമാനമെടുക്കാൻ സമ്മളിലാരും ഇൻഡിവിഡുവലായി കോംപീറ്റന്റല്ല എന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ ..... ബഹളം .....

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങനെയാണെങ്കിൽ ഈ നിയമം ഇപ്പോൾ ഇവിടെ എങ്ങനെയാണ് ചർച്ച ചെയ്യുന്നത്? അതിവിടെ ചർച്ചചെയ്യാൻ പാടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ആരുപറഞ്ഞു? നിങ്ങൾ പറഞ്ഞാൽ പറ്റുമോ? ഇതെന്തു ന്യായമാണ്? ട്രൈബ്യൂണലിൽ ഇരിക്കുന്ന ഒരുകാര്യം തീരുമാനിക്കുന്നതിന് നിയമസഭ കോംപീറ്റന്റാണ്. ഭരണഘടനയനുസരിച്ച് പാർലമെന്റോ നിയമസഭയോ ഏതു നിയമം മാറ്റുന്നതിനും തടസ്സം പറയാൻ ഒരു കോടതിക്കും അധികാരമില്ലെന്ന് അങ്ങേയ്ക്കറിയാമല്ലോ.

ശ്രീ. ടി.എം. ജേക്കബ് : സർ, പബ്ലിക് സർവന്റിന്റെ ambit നമ്മൾ വലുതാക്കിയെന്ന് അങ്ങുപറഞ്ഞു. അതുകൊണ്ട് കോംപീറ്റന്റ് അതോറിറ്റീസ് ആരാണെന്ന് നിശ്ചയിക്കാൻ നമുക്ക് കഴിഞ്ഞില്ല. അതിന് കാലതാമസം പറഞ്ഞു. ഇത് വിപുലപ്പെടുത്തിക്കഴിഞ്ഞപ്പോൾ ഇവിടുത്തെ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ് എ.ജി. ഇതിനുള്ളിൽ വന്നുവെന്ന് ലാ സെക്രട്ടറിയും ഒരാൾ

എതിരായിട്ടും വന്നുപറയുന്നു. അങ്ങനെയെങ്കിൽ എ.ജി.യെ ഇതിന്റെ പരിധിയിൽ കൊണ്ടുവരണ്ടേ? എ.ജി. അഴിമതി നടത്തുന്നതിന് ഗവൺമെന്റ് അനുകൂലിക്കുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ബഹുമാനപ്പെട്ട ടി.എം. ജേക്കബ് ഇത് കൊണ്ടുവരണമെന്നോ അല്ലെങ്കിൽ വാദപ്രതിവാദമോ നടത്താം. അദ്ദേഹം ഒരു പബ്ലിക് സർവന്റാണെന്നുള്ള കസ്റ്റ്യൻ അവർ ഡിബേറ്റ് ചെയ്യുകയാണെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ. അതുകൊണ്ട് അതിന്റെ തീരുമാനം വരട്ടെ, അതുവരെ ക്ഷമിക്കാം. പിന്നെ ലാ സെക്രട്ടറി ഓപ്പീനിയൻ കൊടുത്തതിനെക്കുറിച്ചാണ് ചോദിക്കുന്നത്. ലാ സെക്രട്ടറി വേറെയാർക്കുമല്ല ഒപ്പീനിയൻ കൊടുത്തത്. ലാ സെക്രട്ടറിയുടെ അടുക്കൽ മുഖ്യമന്ത്രി ഇതിന് നിയമോപദേശം തരണമെന്നുപറഞ്ഞു. ഇതിനു മുമ്പ് കൊടുത്തത് ലാ സെക്രട്ടറിയല്ല. ലാ സെക്രട്ടറിയോട് ഒപ്പീനിയൻ ചോദിച്ചപ്പോൾ ..... ബഹളം ..... ലാ ഡിപ്പാർട്ടുമെന്റിലെ താഴെയുള്ള ഒരു ഉദ്യോഗസ്ഥനാണ്. അങ്ങയോട് ഒരു ലീഗൽ ഒപ്പീനിയൻ ചോദിച്ചാൽ അങ്ങ് അങ്ങയുടെ ഒപ്പീനിയൻ പറയണമോ അതോ വേറെയാരെങ്കിലും പറഞ്ഞത് പറയണമോ? ലാ സെക്രട്ടറിയുടെ ഒപ്പീനിയൻ, it is only an opinion. ജഡ്ജ്മെന്റല്ല ..... (ബഹളം) .....

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങനെയാണെങ്കിൽ എന്തിനാണ് അഫിഡവിറ്റ് ഫയൽ ചെയ്തത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിന്റെ ബേസിസിൽ അത് ശരിയാണെന്ന് തോന്നിയതുകൊണ്ട് അഫിഡവിറ്റ് ഫയൽ ചെയ്തു. ഇത്രയും അങ്ങ് സമ്മതിച്ചല്ലോ?

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങുപറഞ്ഞത് ഞാൻ സമ്മതിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലീഗൽ ഒപ്പീനിയൻ ലാ ഡിപ്പാർട്ടുമെന്റിലെ വേറൊരുദ്യോഗസ്ഥൻ കൊടുത്തുവെന്നുപറഞ്ഞു. ലാ ഡിപ്പാർട്ടുമെന്റിലെ ആരുകൊടുത്താലും അത് ലാ ഡിപ്പാർട്ടുമെന്റിന്റെ ഒപ്പീനിയനാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഒപ്പീനിയൻ മുഖ്യമന്ത്രിക്ക് കൊടുക്കാം, അങ്ങേയ്ക്കും ഒപ്പീനിയൻ തരാം. അതിനാണ് ലാ ഡിപ്പാർട്ടുമെന്റ്. പക്ഷേ ആ ലാ ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥൻ മുഖ്യമന്ത്രിക്കു കൊടുത്ത ലീഗൽ ഒപ്പീനിയനെതിരായി ലാ സെക്രട്ടറി ഇതിനകത്ത് അക്യൂസ്ഡായിട്ടു വന്നിരിക്കുന്ന ഒരാളെ പ്രൊട്ടക്ടുചെയ്തുകൊണ്ട് അഫിഡവിറ്റ് ഫയൽ ചെയ്തിരിക്കുന്നത് ശരിയോ തെറ്റോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ആദ്യത്തേത് ഈ പറയുന്ന ലീഗൽ ഒപ്പീനിയൻ മുഖ്യമന്ത്രി ചോദിച്ച് കൊടുത്തതല്ല. ഇവിടെ ഒരു കട്ട്മോഷൻ വന്നപ്പോൾ ആ കട്ട്മോഷനെ സംബന്ധിച്ച് മുഖ്യമന്ത്രി ചോദിക്കാതെതന്നെ ലാ ഡിപ്പാർട്ടുമെന്റിൽനിന്നും വന്ന ഒരു ഒപ്പീനിയൻ ആണ്. അതൊരു കേസായിട്ട് വന്നപ്പോൾ മുഖ്യമന്ത്രി ലാ സെക്രട്ടറിയോട് ഈ കേസിനെ സംബന്ധിച്ചിടത്തോളം എന്താണ് നിങ്ങളുടെ ഒപ്പീനിയൻ എന്ന് ചോദിച്ചു. അദ്ദേഹത്തിന്റെ ഒപ്പീനിയൻ ശരിയാകാം തെറ്റാകാം അതൊന്നുമല്ല ഞാൻ പറയുന്നത്. അദ്ദേഹത്തിന്റെ സ്വന്തം ഒപ്പീനിയൻ കൊടുത്തു. അതിന്റെ ബേസിസിൽ ലാ സെക്രട്ടറി കൊടുത്ത ഒപ്പീനിയൻ അത് ബോധ്യപ്പെട്ടപ്പോൾ മുഖ്യമന്ത്രി അതിന്റെ ബേസിസിൽ affidavit കൊടുക്കാൻ പറഞ്ഞു. ആ affidavit അവിടെ കിടപ്പുണ്ട്. അത് നോക്കിയിട്ട് ട്രൈബ്യൂണൽ തീരുമാനിക്കും. ഇതിലൊന്നും ഒരു ഇറഗുലാറിറ്റിയേ ഇല്ല. അദ്ദേഹം ഒരു നിയമജ്ഞനാണല്ലോ, ഒപ്പീനിയന്റെ കാര്യം അങ്ങേയ്ക്കുമറിയാമല്ലോ. അതുപോലെതന്നെ കോടതികളുടെ ജഡ്ജ്മെന്റ് ശാശ്വതമാണോ? അതുകൊണ്ട് കോടതികളെല്ലാം അനാവശ്യം കാണിച്ചുവെന്ന് നമുക്ക് പറയുവാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുമോ. ഇന്നലത്തെ റൂളിംഗ് തെറ്റാണെന്ന് രണ്ടാമത് റൂളിംഗ് വരുന്നു. ഈ കസ്റ്റ്യനിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

ശ്രീ. ടി.എം. ജേക്കബ് : ഞാൻ വേറെ ചോദ്യം ചോദിക്കുന്നില്ല, ഇത് ലാസ്റ്റ് ചോദ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ട്രൈബ്യൂണൽ മുമ്പാകെ ഇത് ഡിസ്കസ് ചെയ്യാമെന്ന്. അതവിടെ നിൽക്കട്ടെ. അതിന് അങ്ങ് പറഞ്ഞ അഭിപ്രായത്തോട് എനിക്ക് അഭിപ്രായവ്യത്യാസമുണ്ട്. അതും അവിടെ നിൽക്കട്ടെ. ഇതിന്റെ ambit അങ്ങ് വലുതാക്കി കഴിഞ്ഞതിനുശേഷം ഇവിടെ അഡ്വക്കേറ്റ് ജനറൽ കറപ്ഷൻ നടത്തിയെന്ന് ആക്ഷേപം വന്നാൽ അത് ലോക് ആയുക്ത് അന്വേഷിക്കണമോ വേറെ ഏതെങ്കിലും രൂപത്തിൽ ഗവൺമെന്റ് അന്വേഷിക്കുമോ? ഗവൺമെന്റ് എ.ജി. നടത്തുന്ന അഴിമിതികൾക്ക് കൂട്ടുനിൽക്കുകയാണോ, അത് പറഞ്ഞാൽമതി.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവൺമെന്റ് competent ആണ്. ഗവൺമെന്റ് പ്ലീഡർമാരെ കോൺസ്റ്റിറ്റ്യൂഷണലായിട്ട് നിയമിക്കുന്നുണ്ടെങ്കിൽ പോലും, he is only a Govt. advocate. ഒരു advocate എന്നേയുള്ളൂ. അങ്ങ് ഒരു കേസ് കൊണ്ടുവന്ന് ഒരു വക്കീലിന് കൊടുത്തുകഴിഞ്ഞാൽ ആ വക്കീൽ perform ചെയ്തില്ലെങ്കിൽ ഏത് നിമിഷവും ആ വക്കീലിനെ കളയാം.

Shri T.M. Jacob : It is entirely different.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : Different അല്ല. He is only a legal advocate. ഗവൺമെന്റിന്റെ ഒരു അഡ്വക്കേറ്റാണ്. അയാൾ കറപ്ഷൻ നടത്തിയിട്ടുണ്ടെങ്കിൽ ഇന്നുള്ള അധികാരങ്ങളുപയോഗിച്ച് കേസെടുക്കാനുള്ള റൈറ്റ് ഗവൺമെന്റിന് ഉണ്ട്. ശിക്ഷിക്കാനുള്ള നിയമമുണ്ട്. അത് അഡ്വക്കേറ്റ് ജനറലായാലും ശരി ആരായിരുന്നാലും ശരി ശിക്ഷിക്കാൻ നിയമമുണ്ട്. ഇവിടെ കസ്റ്റ്യൻ അതല്ല. ഇത് ഈ ambit -ൽ വരുമോ ഇല്ലയോ എന്നുള്ളതിന്റെ തർക്കമല്ലേയുള്ളത്. പിന്നെ ഒരു വിമർശനം ആകെ വന്നത് നേരത്തെ ചെയ്യേണ്ടതായിരുന്നു, ഇത്രയും സമയമെടുക്കാതെ നേരത്തെ ചെയ്യേണ്ടതായിരുന്നു, ശ്രീ. തമ്പാനൂർ രവി പറഞ്ഞതുപോലെ രണ്ട് ദിവസംകൊണ്ട് ചെയ്യാൻ സാമ്പത്തികശേഷിയുള്ള മന്ത്രിസഭയുണ്ടായാൽ തരക്കേടില്ല എന്നൊക്കെ. ഏതായാലും കുറച്ച് സമയം കൂടി വേണ്ടിവന്നിരിക്കുന്നു. അതുകൊണ്ട് ഈ സമയം എക്സ്റ്റന്റ് ചെയ്യണമെന്നുള്ളതിൽ വല്ല പിശകുമുണ്ടെങ്കിൽ അത് പിശകാണെന്ന് സമ്മതിച്ചുകൊണ്ട് ഈ സമയം കൂടിയുണ്ടെങ്കിലേ ഇതെല്ലാം റെഡിയാക്കി ഇത്രയും വലിയ വിപുലമായ രീതിയിൽ നടത്താൻ പറ്റുകയുള്ളൂ. അതിന് കുറച്ച് സാവകാശം വേണം. ആ സാവകാശം കിട്ടുന്നതിനുവേണ്ടിയാണ് നിയമസഭയുടെ മുന്നിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് ഇന്നുതന്നെ ശരിയാക്കാം.

മി. ഡെ. സ്പീക്കർ : ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : പ്രസ്സ് ചെയ്യുന്നു.

മി. ഡെ. സ്പീക്കർ : ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ ..... ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

(ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.)

മി. ഡെ. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തമ്പാനൂർ രവി : ഞാൻ പ്രസ്സ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ. സ്പീക്കർ : ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടു.

മി. ഡെ. സ്പീക്കർ : ശ്രീ. പി. രാഘവൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. രാഘവൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെ. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. ഡെ. സ്പീക്കർ : 1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച് X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്നുള്ള പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം അംഗീകരിച്ചിരിക്കുന്നു, ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ, ... ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ മാസം 17-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.25-ന് പിരിഞ്ഞു.)

അനുബന്ധം -1

16.12.99-ലെ നക്ഷത്രചിഹ്നമിട്ട 3 (*89)-ാം നമ്പർ ചോദ്യം കാണുക

"മാനവീയം"

പുതിയ സഹസ്രാബ്ദത്തിന് വരവേൽപ്പ്

സാംസ്കാരിക മിഷൻ മാർഗ്ഗനിർദ്ദേശക രേഖ

"മാനവീയം"

പുതിയ സഹസ്രാബ്ദത്തിന് വരവേൽപ്പ്

അവസാനിക്കാൻ പോകുന്ന ഒരു നൂറ്റാണ്ടിന്റെ അന്ത്യയാമങ്ങളിലല്ല, ആരംഭിക്കാനിരിക്കുന്ന ഒരു സഹസ്രാബ്ദത്തിന്റെ പടിവാതിൽക്കലാണ് പ്രതീക്ഷാ നിർഭരരായി നാം നിൽക്കുന്നത്. ആയിരം വർഷത്തിലൊരിക്കൽ വന്നു ചേരുന്ന ഒരു സുപ്രഭാതത്തെ കണി കാണാൻ കാത്തിരിക്കുകയാണ് നാം. മൂന്നാം സഹസ്രാബ്ദത്തിന്റെ പ്രാരംഭ ഘട്ടമായ ഇരുപത്തൊന്നാം നൂറ്റാണ്ട്, കാലയളവുകൊണ്ടല്ല, ആശാ വഹമായ സംഭവങ്ങളെക്കൊണ്ടും അനുഭവങ്ങളെക്കൊണ്ടും ഒരു പുത്തൻ കാലഘട്ടത്തിനു നാന്ദി കുറിക്കുമെന്ന് നാം ആശിക്കുന്നു. സംഭവ ബഹുലമായ ഒരു നൂറ്റാണ്ടിനെ യാത്രയയയ്ക്കുന്നതിനോടൊപ്പം മാനവരാശിയുടെ ഭാഗധേയം തിരുത്തിക്കുറിക്കാൻ പോന്ന ഒരു പുതിയ യുഗത്തിനു വരവേൽപ്പു നൽകാൻ കേരളീയ സമൂഹം ഒന്നു ചേർന്നു നടത്തുന്ന തയ്യാറെടുപ്പാണ് "മാനവീയം."

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - 21

പത്താം കേരള നിയമസഭ
ബിൽ നമ്പർ 221

1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 221

1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

1999-ലെ കേരള ലോക് ആയുക്ത ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.- 1999-ലെ കേരള ലോക് ആയുക്ത ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംവൽസരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്ടിന് 1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 1998 നവംബർ 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 22-ാം വകുപ്പിന്റെ ഭേദഗതി.- 1999-ലെ കേരള ലോക് ആയുക്ത ആക്ടിന്റെ (1999-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 22-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "ആറുമാസത്തിനുള്ളിലും" എന്ന വാക്കുകൾക്കുപകരം "ഒരു വർഷവും ആറു മാസത്തിനുള്ളിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.-(1) 1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ഓർഡിനൻസ് (1999-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൽ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ അല്ലെങ്കിൽ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1999-ലെ കേരള ലോക് ആയുക്ത ആക്റ്റിന്റെ (1999-ലെ 8) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം, ഒരു സർക്കാർ ജീവനക്കാരൻ ഒഴികെയുള്ള ഓരോ പബ്ലിക് സെർവന്റും ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് ആറു മാസത്തിനുള്ളിലും, അതിനുശേഷം രണ്ടു വർഷത്തിലൊരിക്കൽ ജൂൺ 30-ാം തീയതിക്കുമുമ്പായും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ തന്റെയും തന്റെ കുടുംബാഗങ്ങളുടെയും ആസ്തികളുടെയും ബാദ്ധ്യതകളുടെയും ഒരു സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിക്ക് നൽകേണ്ടതാണ്. 22-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സ്റ്റേറ്റ്മെന്റ് നൽകുന്നതിനുള്ള ആറു മാസ കാലാവധി 1999 മേയ് 14-നു അവസാനിച്ചു. പ്രസ്തുത കാലാവധി അവസാനിക്കുന്നതിനുമുമ്പ്, ആസ്തികളും ബാദ്ധ്യതകളും സംബന്ധിച്ച സ്റ്റേറ്റുമെന്റിന്റെ ഫാറവും ചില വിഭാഗത്തിൽപ്പെടുന്ന പബ്ലിക് സെർവന്റുകളെ സംബന്ധിച്ചുള്ള കോംപിറ്റന്റ് അതോറിറ്റിയേയും നിർണ്ണയിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ഈ ആക്റ്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

22-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം പബ്ലിക് സെർവന്റുകൾക്ക് അവരുടെ സ്റ്റേറ്റ്മെന്റ് നിശ്ചിത സമയത്തിനുള്ളിൽ നൽകാൻ കഴിഞ്ഞിട്ടില്ല. മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ, ആക്റ്റിൽ അനുയോജ്യമായ ഭേദഗതി വരുത്തിക്കൊണ്ട് 1999-ലെ കേരള ലോക് ആയുക്ത ആക്റ്റിന്റെ 22-ാം വകുപ്പ് പ്രകാരം ആസ്തികളുടേയും ബാദ്ധ്യതകളുടേയും സ്റ്റേറ്റുമെന്റ് നൽകുന്നതിനുള്ള സമയ പരിധി 1999 മേയ് 15 മുതൽ ആറു മാസത്തേക്കുകൂടി നീട്ടുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത തീരുമാനത്തിനു ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ഓർഡിനൻസ് 1999 സെപ്റ്റംബർ 29-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 1999 സെപ്റ്റംബർ 30-ാം തീയതിയിലെ 1768-ാം നമ്പർ അസാധാരണ ഗസറ്റിൽ 1999-ലെ 3-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. അങ്ങനെ നീട്ടിയ കാലാവധി 1999 നവംബർ 14-ാം തീയതി അവസാനിക്കുകയുണ്ടായി. ചില വിഭാഗം പബ്ലിക് സെർവന്റുകളെ സംബന്ധിച്ച് കോംപിറ്റന്റ് അതോറിറ്റിയെ സർക്കാരിനു നിർണ്ണയിക്കാൻ കഴിയാത്തതിനാൽ, സ്റ്റേറ്റുമെന്റ് നൽകാൻ കുറച്ചു സമയം കൂടി അനുവദിക്കുന്നതു ആവശ്യമാണെന്നു കരുതി. അതനുസരിച്ച് സമയപരിധി ആറു മാസ കാലത്തേക്കുകൂടി നീട്ടിക്കൊണ്ട് അനുയോജ്യമായ ഭേദഗതി, ഓർഡിനൻസിനുപകരം വയ്ക്കുവാനുദ്ദേശിക്കുന്ന ബില്ലിൽ വരുത്തുന്നതിനു സർക്കാർ തീരുമാനിച്ചു.

4. ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് മേൽപ്പറഞ്ഞ ഭേദഗതിയോടുകൂടി കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഇ.കെ. നായനാർ

(ശരിത്തർജ്ജമ)

എസ്. ദലീലാ സോജ,
നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി.

1999-ലെ കേരള ലോക് ആയുക്ത ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗം (1999-ലെ 8)

** ** **

22. പബ്ലിക് സെർവന്റുകൾ സ്വത്തുവിവരം സ്റ്റേറ്റ്മെന്റ് നൽകണമെന്ന്.-(1) ഒരു സർക്കാർ ജീവനക്കാരൻ ഒഴികെയുള്ള ഓരോ പബ്ലിക്

LIBRARY ARCHIVES Kerala Legislative Assembly

സെർവന്റും, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിനുള്ളിലും അതിനുശേഷം രണ്ട് വർഷത്തിലൊരിക്കൽ ജൂൺ 30-ാം തീയതിക്ക് മുമ്പായും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ തന്റെയും തന്റെ കുടുംബാംഗങ്ങളുടെയും ആസ്തികളുടെയും ബാദ്ധ്യതകളുടെയും ഒരു സ്റ്റേറ്റുമെന്റ് കോംപിറ്റന്റ് അതോറിറ്റിക്ക് നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ അങ്ങനെയൊരു സ്റ്റേറ്റുമെന്റ് ഏതെങ്കിലും പബ്ലിക് സർവെന്റിൽ നിന്ന് കോംപിറ്റന്റ് അതോറിറ്റിക്ക് ലഭിച്ചിട്ടില്ലായെങ്കിൽ കോംപിറ്റന്റ് അതോറിറ്റി അത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലോക്ആയുക്തയ്ക്കും ഉപ ലോക്ആയുക്തയ്ക്കും, അതതുസംഗതിപോലെ, അയച്ചുകൊടുക്കേണ്ടതും, അതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട പബ്ലിക് സർവെന്റിന് നൽകേണ്ടതുമാണ്. അങ്ങനെയുള്ള റിപ്പോർട്ട് നൽകിയതിനുശേഷം രണ്ട് മാസങ്ങൾക്കുള്ളിൽ ബന്ധപ്പെട്ട പബ്ലിക് സർവന്റ് അപ്രകാരമുള്ള സ്റ്റേറ്റുമെന്റ് സമർപ്പിക്കുന്നില്ലായെങ്കിൽ, ലോക് ആയുക്തയോ ഉപ ലോക്ആയുക്തയോ, അതതു സംഗതിപോലെ, അങ്ങനെയുള്ള പബ്ലിക് സർവെന്റിന്റെ പേര് സംസ്ഥാനത്ത് കൂടുതൽ പ്രചാരമുള്ള മൂന്ന് വർത്തമാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയോ പ്രസിദ്ധീകരിക്കാൻ ഇടയാക്കുകയോ ചെയ്യേണ്ടതാണ്.

വിശദീകരണം.- ഈ വകുപ്പിൽ, "കുടുംബം" എന്നാൽ ഭാര്യയോ ഭർത്താവോ പബ്ലിക് സർവെന്റിനെ ആശ്രയിച്ചു കഴിയുന്ന കുട്ടികളും മാതാപിതാക്കളും എന്നർത്ഥമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly